## കൂടാളി ഹയർ സെക്കൻഡറി സ്കൂൾ

# LITTLE KITES



# ചന്ദ്രയാനം

# *EDITORIAL BOARD*

**AVINASH K**

**ADITH A**

**ANUVIND K RAJ**

**VARADA DAS**

**ANNUAYA AJESH**

# ഉള്ളടക്കം

1. AN IMAGINARY TRIP TO THE MOON ........................................7
2. അമ്പിളിമാമന്റെ സമ്മാനം ..........................................................8
3. അനന്തതയുടെ ശോഭായാം യാത്ര ................................................ 9
4. ചന്ദ്രനിലേക്ക് ഒരു സാങ്കല്പിക യാത്ര ..............................................9
5. അതിരു കടന്ന് അകലേക്ക് ........................................................ 10
6. അമ്പിളി മാമന്റെ മടിയിൽ ............................................................11
7. വളർച്ച നമ്മുടേതു മാത്രമോ ..........................................................12
8. ചന്ദ്രനിലേക്ക് ..............................................................................13
9. സ്വപ്നം .........................................................................................14
10. ചന്ദ്രോപരിതലത്തിൽ......................................................................14
11. AN IMAGINARY JOURNEY TO THE MOON.................. ........15
12. സ്വപ്നസാക്ഷാത്കാരം .....................................................................16
13. അമ്പിളി മാമനെ തേടി ...................................................................17
14. സ്വപ്നയാത്ര ...................................................................................18
15. NARO............................................................................................ 18
16. STARTING OF MY JOURNEY......................................................19
17. ചന്ദ്രനിലേക്ക് ഒരു യാത്ര.................................................................. 19
18. ലൂണാർ യാത്ര ..................................................................................20
19. സ്വപ്നം.......................................................................................... ...21
20. ചാന്ദ്രയാത്ര.......................................................................................22
21. മേഘ ശലഭങ്ങൾ.............................................................................. ....23
22. അതിരുകൾക്കപ്പുറം ........................................................................ 24
23. സ്വപ്ന സാഫല്യം .......................................................................... ..25
24. TIME TAKEN TO GO TO THE MOON....................... ..... 26
25. എന്റെ അമ്പിളി മാമൻ ..................................................................... 27
26. JOURNEY TO THE MOON........................................................28

# MESSAGE



*Heartfelt congratulations to Little Kites on the successful launch of CHANDRAYANAM! May your publication shine bright, inspiring minds and sparking meaningful conversations. Wishing you continued success and growth!*

K T REENA BHASKAR
PRINCIPAL
KOODALI HSS

# ആശംസ



ചാന്ദ്രദിനത്തോടനുബന്ധിച്ച് ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ "ചന്ദ്രനിലേക്ക് ഒരു സാങ്കല്പിക യാത്ര" എന്ന വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ ചാന്ദ്രദിന പതിപ്പ് "ചന്ദ്രയാനം" എന്ന പേരിൽ പുറത്തിറങ്ങുന്നു. ചാന്ദ്രദിനത്തിൽ ചന്ദ്രയാത്രയെക്കുറിച്ച് കുട്ടികളും അധ്യാപകരും അവരുടെ അറിവുകൾ സ്വാനുഭവമെന്നോണം രചിച്ച മനോഹരമായ സങ്കല്പ ക്കുറിപ്പുകൾ ഈ പതിപ്പിനെ ശ്രേഷ്ഠമാക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ മികവാർന്ന പ്രവർത്തനങ്ങളിൽ ഒന്നുകൂടി... ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് ഹൃദയംഗമമായ ആശംസകൾ....

കെ.വി മനോജ്
പ്രധാനാധ്യാപകൻ
കൂടാളി ഹയർ സെക്കൻഡറി സ്കൂൾ

# ആശംസ




ചാന്ദ്രദിനത്തോടനുബന്ധിച്ച് കൂടാളി ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് ചന്ദ്രനിലേക്ക് ഒരു സാങ്കല്പികയാത്ര എന്ന വിഷയവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ചന്ദ്രയാനം മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. പിന്നണിയിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു

പി പി റഫീഖലി

DEPUTY HEADMASTER
KOODALI HSS

# AN IMAGINARY TRIP TO THE MOON….

THANMAYA S BIJU
S1A





While you live on earth for a long time, you may get bored. That's what happened to me too. When you say that you just want to go somewhere because you are too bored, you often choose somewhere close by. But in my case my mind just went crazy and chose to visit the moon. I could see myself planning to visit the moon as I had a day off from school. Soon I board on to the spaceship. I put on the seat belts and turned around to see who all are accompanying me on that great voyage. I was in a shock after seeing my best buddies in the other two seats. Then the engine of the spacecraft started. I felt no jerks but heard the noise of an old car starting and the next thing I saw was the darkness of the space. The earth looked as tiny as a ping pong ball from the outer space. Then we heard an announcement saying that we were going to reach our destination soon. Suddenly there was a strong force which was pushing me forward. Within seconds it stopped and the next announcement came which instructed us to wear the Extravehicular Mobility Unit (EMU). As I didn't know how to wear it, I just wore it in my own way. My friends and I then clasped our hands and moved towards the opening of the spaceship which was opened towards the surface of the moon. We saw the best view of the moon. There was mist and it was cold. We experienced all these from the doorstep of the space shuttle and then something happened. The moment I kept my foot on to the surface of the moon, I saw some creatures. Everyone surrounding me wasn't able see those. I could see the dimensions from physics, laws of chemistry, sets from mathematics, organisms from biology, Malayalam alphabets and the poets from English as some terrible creatures. One of those creatures attacked me and I wasn't able to breathe. Soon I woke up from bed and came to realize that everything was just a dream and all those 3D effects were made by my own sister who was my bedmate and the loud noise which was like the car engine starting was an actual car getting started. But with this I 'm not going to give up, I will fly into the space again.



# അമ്പിളിമാമന്റെ സമ്മാനം



രമാദേവി എ
അധ്യാപിക

അമ്പിളിമാമന്റെ നാട്ടിലും
നമ്മുടെഅമ്മാവന്മാർ ചിലർ പോയി
വന്നു.....
അഞ്ചാറു കല്ലുകളത്രേ നമുക്കൊരു
സഞ്ചിയിൽ മാമൻ കൊടുത്തയച്ചു
കുഞ്ഞി മോളുടെ പാട്ടു കേട്ടുകൊണ്ട്
അവളുടെ അടുത്തു കിടക്കുകയാണ്
ഞാൻ പഠിപ്പിച്ചതായതുകൊണ്ട്
കേട്ടിരിക്കാൻ ഒരു സുഖം കൂടുതൽ
ഉറങ്ങാൻ കിടക്കുമ്പോൾ അവൾക്കു പാട്ടു
കേൾക്കണം....
വ്യത്യാസം എന്താണെന്നു വെച്ചാൽ
ആരും പാടിക്കൊടുക്കണ്ട അവൾ തന്നെ
പാടും എന്നിട്ടുറങ്ങും അടുത്തു കിടന്നാൽ
മാത്രം മതി...
" അമ്മമ്മേ അതെന്താ അമ്പിളിമാമൻ
കല്ലു മാത്രം കൊടുത്തയച്ചത് അവിടെ
വേറൊന്നുല്ലേ
എന്റെ മാമൻ നിറയെ ചോക്ലേറ്റ്
കൊണ്ടുത്തന്നല്ലോ ഈ മാമൻ
മോശാണോ " സംശയം ന്യായമാണല്ലോ
എന്നാലും ഒരു മറുപടി കൊടുക്കണ്ടേ
ഞാനാലോചിച്ചു
"അവിടെ എന്താ ഉള്ളത് എന്ന് എങ്ങന്യാ
അറിയ്യാ
മോള് വല്താായിട്ട് നമുക്കവിടെ പോയി
നോക്കാം ഇപ്പോ നമുക്കുറങ്ങാം"
"അയ്യോ മോളെ ഓടല്ലേ വീഴും നിറയെ
കുഴികളാ"
" ചാടിക്കളിക്കാൻ നല്ല രസം പാർക്കിലെ
സ്പോഞ്ച് ബാൾ പോലെ " കുഞ്ഞിമോൾ
ആർത്തു വിളിച്ചു "ഹായ് ഇതെന്താ "
ഞാനും അത്ഭുതത്തോടെ അങ്ങോട്ടു
നോക്കി പ്രകാശം തട്ടി കണ്ണ് ചിമ്മിപ്പോയി
വീണ്ടും കണ്ണുതിരുമ്മി നോക്കിയപ്പോൾ
വിശ്വസിക്കാനായില്ല നിറയെ
വൈരക്കല്ലുകൾ വില കൂടിയ രത്നങ്ങൾ
"അമ്മമ്മേ ഇതാണല്ലേ മാമൻ
കൊടുത്തയച്ച കല്ലുകൾ " എനിക്കും
തോന്നി അതു ശരിയാണല്ലോ
"നമുക്കും എടുക്കാം ഈ കല്ലുകൾ
എനിക്കിതിനെക്കൊണ്ട് ഒരു
മാലയാക്കണം"കുറച്ചു രത്നക്കല്ലുകളുമായി
ഞങ്ങൾ തിരിഞ്ഞു നടന്നു
വണ്ടിയിൽക്കയറാൻ നോക്കുമ്പോൾ
മോളുതാ വീണ്ടുമോടുന്നു

എന്താണ കാര്യമെന്ന് ഞാനന്ധാളിച്ചു
"അമ്മമ്മേ ഞാനൊരു
സെൽഫിയെടുക്കട്ടേ ആ
കല്ലുകൾക്കടുത്ത് നിന്ന് അല്ലെങ്കിൽ
എന്റെ friends വിശ്വസിക്കില്ലാന്നേ "
അപ്പോഴേക്കും വണ്ടി Start ചെയ്തു
ഞാൻ മോളേ കൂവി വിളിച്ചു
വണ്ടി മുന്നോട്ട് നീങ്ങിത്തുടങ്ങിയപ്പോൾ
ഞാൻ നിർത്തണേയെന്ന് കരഞ്ഞ്
ഡ്രൈവറെ നോക്കി എവിടെ
ഈ റോബോക്ക് നമ്മുടെ
ഭാഷയറിയില്ലല്ലോ.എന്റെ കരച്ചിൽ
നിലവിളിയായി ഞാൻ വണ്ടിയുടെ Door
തുറന്ന് ഒരുകാല് പുറത്തേക്കിട്ടു അതാ
വണ്ടി മുകളിലേക്കുയർന്നു പെട്ടെന്ന്
എന്റെ കാലിൽ ആരോ
പിടിച്ചിരിക്കുന്നതായി തോന്നി.
നോക്കിയപ്പോൾ എന്റെ പൊന്നുമോൾ
ഞാൻ മെല്ലെ കാലുയർത്തി അവളുടെ
കൈയിൽ പിടുത്തമിട്ടു
വണ്ടിയിലേക്ക് വലിച്ചു കയറ്റി ഡോറടച്ചു
അവളെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു
ഉറക്കത്തിൽ ശല്യപ്പെടു ത്തിയതിന്റെ
ദേഷ്യത്തിൽ അവൾ തിരിഞ്ഞു കിടന്നു
അപ്പോഴും അവൾ നല്ല
ഉറക്കത്തിലായിരുന്നു



## അനന്തതയുടെ ശോഭയാം യാത്ര



ശ്രാവണി പി കെ
8N



ശാന്ത സുന്ദരമാം ഈ രാവിൽ നീ എന്നെ മാടി വിളിച്ചു....
വെള്ളിത്തളികയിൽ നിന്നും ഊഞ്ഞാൽ ആടുന്ന നിഷ്കളങ്കനാമം മുയൽ കുഞ്ഞേ നീ.... രാവിലെ നിദ്രയിൽ ആഴ്ത്തി രാത്രിക്ക് മാധുര്യം നൽകുന്ന പാട്ട് നൽകി സ്വപ്നത്തിൽ  ആഴ്ത്തുന്ന കുഞ്ഞുകിളിയെ..... സ്വപ്നത്തിൽ തേരിൽ ഞാൻ പ്രവേശിച്ചു മുമ്പോട്ട് പോകുന്നതിന് അനുസരിച്ച് അനന്തമാം ഇരുട്ട് പടർന്നു..... എങ്ങും ശാന്തതയുടെ സൗന്ദര്യം പടർന്നു..... ഹേമന്തത്തിലെ മഞ്ഞിൽ മുങ്ങി നിൽക്കുന്ന നിൻ മാറിലേക്ക് ഞാനിതാ വരുന്നു...
ഭൂമിയുടെ അഗ്രത്തിൽ എത്തി നിൽക്കുമ്പോൾ ഇതാ എങ്ങും എങ്ങും ഇരുട്ടാൽ മൂടി നിൽക്കുന്നു.
ആകാശച്ചെരുവിൽ എവിടെയോ ചിതറിത്തെറിച്ച വൈരക്കല്ലുകൾ പോലെ മിന്നിത്തിളങ്ങി നിൽക്കുന്ന നക്ഷത്രങ്ങൾ....
ഇതാ.... നിൽക്കുന്നു തിളക്കമേറിയ വചനങ്ങളുടെ രാജാവ് തിങ്കൾ.... അങ്ങ് ദൂരെ.... അനന്തതയിൽ മിഴി തുറക്കുന്ന ഇന്ദ്രനീല രത്നം പോലെ ശോഭയോടെ നിൽക്കുന്ന ധരണി.....
അനന്തതയുടെ ഈ യാത്രയിവിടെ അവസാനിക്കുന്നില്ല.....

## ചന്ദ്രനിലേക്ക് സാങ്കല്പിക യാത്ര



ഞാനിപ്പോൾ ചന്ദ്രനിൽ ആണ്. ഭൂമിയെ പോലെ സുഖമുള്ള കാലാവസ്ഥയും ഒന്നും അല്ല. ഇവിടെ നല്ല ചൂടാണ് രാത്രിയാകുമ്പോൾ ചൂടു കൂടും .153 ഡിഗ്രി വരെയുണ്ട് ചൂട് ഇവിടെ.ശ്വസിക്കാനും ബുദ്ധിമുട്ടാണ്. അങ്ങനെ രാവിലെ തന്നെ ചന്ദ്രനെ കാണാൻ ഞാൻ ഇറങ്ങി. വളരെ വിശാലമാണ് കുഴികളും ഗർത്തങ്ങളും മാത്രമാണ് ഉള്ളത്. മരങ്ങൾ ഒന്നുമില്ല. ചെടികളും പൂക്കളും ഇല്ല. നമ്മുടെ ഭൂമി തന്നെയാണ് സ്വർഗ്ഗം  കേട്ടോ. ഇവിടെ ഞാൻ പാറി നടക്കുകയാണ്. നമ്മൾ വിചാരിക്കുന്ന ഇടത്തേക്ക് പോകാൻ തന്നെ പ്രയാസമാണ്. ഭക്ഷണം കഴിക്കാൻ
ഇരുന്നാൽ വായിലേക്ക് എടുക്കാൻ അല്പം സമയം എടുക്കും. ഗുരുത്വാകർഷണം കുറവായതിനാൽ ആണ് ഇവിടെ നിന്നും ഭൂമിയെ കാണാം. നീല ഗോളമായി എന്ത് ചന്തം.. നമ്മുടെ ഭൂമി ഇപ്പോഴാണ് ഈ ഭൂമിയിൽ ജീവിക്കാൻ എത്ര സുന്ദരമാണ് എന്ന് മനസ്സിലാകുന്നത്. ഒരിക്കലും നമ്മുടെ ഭൂമിയെ മലിനമാക്കി കൈവിടല്ലേ...

സൂര്യകിരൺ ഒ
8-I



# അതിരുകടന്ന് അകലേക്ക്



അനുശ്രേയ അചലേന്ദ്രൻ
S2 A

സമയം 4:32. ഒരു ദീർഘ നിശ്വാസത്തോടെയാണ് ഇന്നലെകളെ ഓർത്തുവിട്ടത്... സഹനത്തിന്റെ പാടുകൾ കൈവെടിയാത്ത കിനാക്കൾ ഉണക്കുന്ന മുറിവുകൾ... ഈ നിമിഷത്തിന്റെ തുടിപ്പിന് വേണ്ടി കൊതിച്ച നടന്ന ഒരു നാലാം ക്ലാസുകാരിയുടെ മുഖമാണ് മനസ്സിൽ തെളിഞ്ഞത്. അതിൽ തന്റേതു പോലുള്ള മുഖച്ഛായ.... വീട്ടുമുറ്റത്ത് നിന്ന് രാത്രിയുടെ ആകാശങ്ങൾ നോക്കി കണ്ണിൽ താരങ്ങളെ നട്ടുവളർത്തിയ എട്ടുവയസ്സുകാരി ഇന്ന് അവരുടെ ഇടം തൊട്ട് താരങ്ങളുടെ കെട്ടഴിക്കാൻ ഇതാ കാലെടുത്തു വെച്ചിരിക്കുന്നു...

നാളെകളുടെ ഭൂമിക്ക് വേണ്ടിയാണ്, ഇന്ന് ഞാനടങ്ങുന്ന ഈ സംഘം സ്പെയ്സ് സ്യൂട്ട് ധരിക്കുന്നത്. ഉത്തരവാദിത്വത്തിന്റെ കനം കൂടിയ കവചത്തിനുള്ളിലാണ്. മനസ്സിലാകെ മൊത്തം ഒരു വെളിച്ചം പരന്നു. എല്ലാത്തിന്റെയും പ്രവർത്തനം ഇടപ്പെടുത്തി ലോഞ്ച് പാഡിലേക്ക് നീങ്ങുകയാണ്... റോക്കറ്റിനുള്ളിലെ ഇരിപ്പിടത്തിലേക്ക് ഓരോരുത്തരായി പ്രവേശിച്ചു. ഒടുക്കം റോക്കറ്റിന്റെ വാതിൽ അടഞ്ഞു.... വീണ്ടും ഒക്കെയൊന്ന് പരിശോധിച്ച് പുറത്തുനിന്ന് സുരക്ഷിതത്വം രേഖപ്പെടുത്തി. സമയമടുക്കുന്നു... നിശബ്ദതയുടെ മൂർച്ചയിൽ, സ്വന്തം ഹൃദയം തുടിക്കുന്നതിന്റെ അർത്ഥം ആരോ കാതുകളിൽ പറയുന്നതുപോലെ... പൊടുന്നനെ, മിഷൻ കൺട്രോളിൽ നിന്നുള്ള പ്രഖ്യാപനം " ഫ്ലൈറ്റ് സിസ്റ്റംസ് ചെക്ക്, ഗൈഡൻസ് ചെക്ക്, പ്രൊപൾഷൻ ചെക്ക്, ടി മൈനസ് 10, 9,8,7,6,5,4,3,2,1-ലിഫ്റ്റ് ഓഫ്"

ശാന്തതയ്ക്കിടയിൽ നുഴഞ്ഞു കയറുന്ന പ്രതീക്ഷയുടെ പുകച്ചുഴലുകൾ.... ഭൂമിയിൽ നിന്ന് ഉയർന്നു കേൾക്കുന്ന ആരവങ്ങൾ പ്രാർത്ഥനകൾ.... മുറുക്കിയടച്ച കണ്ണുകളിൽ വിറച്ചു പൊങ്ങുന്ന റോക്കറ്റിന്റെയുള്ളിൽ എനിക്കെല്ലാം അറിയാമായിരുന്നു.... ഞാനിതാ, ഭൂമിയിൽ നിന്ന് അറ്റ് പോകുന്നു. ഭാവിയിലേക്കൊരണയാത്ത നാളമെന്നോണം ഉയരങ്ങൾ താണ്ടി പോകുന്ന പ്രത്യാശ. അല്പസമയത്തിനകം വീണ്ടും മിഷൻ കൺട്രോളിൽ നിന്ന് സന്ദേശം " സ്റ്റേജ് 1 സെപ്പറേഷൻ കൺഫേംഡ്. സ്റ്റേജ് 2 ഇഗ്നിഷൻ സക്സസ്ഫുൾ".

ശബ്ദാരവങ്ങളുടെ അന്തരീക്ഷ തലങ്ങൾ താണ്ടി വീണ്ടും ശാന്തതയിലേക്ക് ഉയരുകയാണ്.... പതിയെ ഭൂമി പുതച്ചു കിടക്കുന്ന അന്തരീക്ഷ വരമ്പ് കടന്നു. ഏതാണ്ട് 100 കിലോമീറ്റർ. കാർമാൻ ലൈൻ തൊട്ട് വീണ്ടും നാം വിജയം ചവിട്ടി എന്ന് ഒഴുകി നടക്കാൻ തുടങ്ങുന്ന വസ്തുക്കൾ ഓർമിപ്പിച്ചു... സ്വപ്നങ്ങളുടെ കുത്തൊഴുക്കിൽ കണ്ടു മറന്ന എന്നെതന്നെ, ഞാൻ ഇന്ന് അനുഭവിക്കുകയാണ്. ആശ്ചര്യം തോന്നി. വീണ്ടും മിഷൻ കൺട്രോൾ " ഓൾ സിസ്റ്റംസ് ആർ നോമിനൽ. വെൽക്കം ടു സ്പേസ് "

അങ്ങനെ മൂന്നു ദിവസത്തെ യാത്രക്കൊടുവിൽ ചന്ദ്രനോട് അടുത്തു... ലാൻഡർ വേർപെട്ട് പതിയെ ചന്ദ്രനെ തൊട്ടു... പൊടിപടലങ്ങൾ ഉയർന്നു.. ഭൂമിയിൽ നിന്നേറെയകലെ പണ്ട് കണ്ണെടുക്കാതെ വീക്ഷിച്ച ആ കൗതുക പന്ത് ഇന്ന് ഇതാ എന്റെ കാലിനടിയിൽ കിടന്ന് ഭൂമിയെ ചുറ്റുന്നു. രണ്ട് രക്തബന്ധങ്ങളെ കൂട്ടിയിണക്കിയത് പോലെ ഒരു അനുഭൂതി. വീണ്ടും മിഷൻ കൺട്രോളിന്റെ പ്രഖ്യാപനം " നാം വിജയകരമായി ചന്ദ്രനിൽ ഇറങ്ങിയിരിക്കുന്നു ...അഭിനന്ദനങ്ങൾ." പിന്നെ ഞാൻ അവിടെ നിന്നൊരു ഭൂമി കണ്ടു.. തിളക്കമുള്ള നീലഗോളം. അതിനുമുകളിൽ ചിതറിക്കിടക്കുന്ന മേഘത്തരികൾ. ചന്ദ്രനിൽ നിന്നുള്ള ഭൂമിയേറെ സുന്ദരിയാണ്. അവളിൽ നിന്ന് പിറവിയെടുത്തവർ ഇന്ന് കുതിച്ചു കൊണ്ടിരിക്കുന്നു. നീലവാനത്തിനപ്പുറത്തെ കറുത്ത ഇടങ്ങളിലേക്ക് താരങ്ങൾ തിരഞ്ഞു ചെല്ലുന്നു. ഇനിയും എത്ര മനുഷ്യന്റെ ഒപ്പുകൾ ഇവിടെ പതിയാൻ കാത്തുനിൽക്കുന്നു. മാനവരാശിയുടെ കുതിച്ചുചാട്ടങ്ങളുടെ ആരവം മനസ്സിൽ നിറയുന്നു. ദൂരെ, അണയാത്ത ഒരു ബിംബമായി വെളുത്ത സൂര്യൻ കറുപ്പിനിടയിൽ ഇരുന്ന് തിളങ്ങുന്നു!

# അമ്പിളിമാമന്റെ മടിയിൽ

ഞാനിന്ന് വളരെയധികം സന്തോഷത്തിലാണ്. അതിനൊരു കാരണവുമുണ്ട് അതെന്താണ് എന്നുള്ളത് ഞാൻ വഴിയേ പറയാം....
കുഞ്ഞായിരുന്നപ്പോൾ മുതൽ എനിക്ക് ഏറെ പ്രിയപ്പെട്ട ഒരാളുണ്ട് എനിക്ക് മാത്രമല്ല, എന്നെപ്പോലെ കുട്ടികൾക്കെല്ലാം വലിയ ഇഷ്ടമാണ് അദ്ദേഹത്തെ...നമ്മുടെ സ്വന്തം അമ്പിളിമാമൻ. നിങ്ങളെപ്പോലെ തന്നെ ഞാനും കുറെ ആഗ്രഹിച്ചിട്ടുണ്ട് സമ്മാനങ്ങളും ആയി എന്നെക്കാണാൻ എത്തുന്ന അമ്പിളിമാമനെ. ഒന്നു കാണാനും മിണ്ടാനും അത്രയും പ്രിയപ്പെട്ട ആരോ ഒരാളാണെന്നുള്ള തോന്നൽ ഉള്ളിലെവി ടെയോ ഇന്നും ഉണ്ടെന്നുള്ളതാണ് സത്യം.

അമ്പിളിമാമനെ കാട്ടി തന്നെ അമ്മ വാരി തന്ന ഓരോ ഉരുള ചോറിനും മാധുര്യമൂറുന്ന കഥകൾ പറയാനുണ്ടാകും. ആകാശത്ത് അമ്പിളി കാണാത്ത ദിവസങ്ങളിൽ എന്റെ പരിഭവങ്ങൾക്കു മുന്നിൽ അമ്മ അമ്പിളി മാമന്റെ കുറെ പാട്ടുകളും കഥകളുമായി ഒരു മായാലോകം സൃഷ്ടിച്ചു. അതിൽ ഒരു വിസ്മയമായി അമ്പിളിമാമൻ നിലാവ് പൊഴിച്ചു.

സ്കൂളിൽ എത്തിയപ്പോൾ പാഠപുസ്തകങ്ങളിലെ കവിതകളിൽ കവികൾ വെള്ളികിണ്ണം ആയും വഞ്ചിയായും തേങ്ങാപ്പൂളായും ഒക്കെ അമ്പിളിമാമനെ വർണിച്ചു കേട്ടു. പിന്നീട് ശാസ്ത്ര പുസ്തകത്തിൽ നിന്നാണ് എനിക്ക് ചിത്രത്തിന് ഒരു വ്യക്തത കിട്ടിയത്, തേങ്ങാപ്പൂൾ ആവുന്നതും വെള്ളിക്കിണ്ണമാവുന്നതും ഒരുനാൾ മറഞ്ഞില്ലാതാവുന്നതും അമാവാസിയും പൗർണമിയും ഒക്കെ മാറി വരുന്നതാണെന്ന്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഭൂമിയും സൂര്യനും ഒക്കെ കൂടിയൊരു ഓട്ടപ്പാച്ചിൽ ആണെന്ന്.
അങ്ങനെയൊക്കെയാണെങ്കിലും ആ കവിതകളൊക്കെയും നിങ്ങളെപ്പോലെ ഞാനും ആസ്വദിച്ചിരുന്നു.

പിന്നീട് എനിക്ക് ഒരുതരം ജിജ്ഞാസ ആയിരുന്നു. അറിഞ്ഞതിനേക്കാൾ ഏറെ അറിയാൻ ഉണ്ടായിരുന്നു അമ്പിളിമാമനെ കുറിച്ച്. അറിവുകൾ ലഭിക്കുംതോറും ആകാംക്ഷ കൂടി കൂടി വന്നതേയുള്ളൂ. അതിനിടയിൽ പലതവണ ചാന്ദ്രദിനങ്ങൾ വന്നെത്തി. മനോഹരമായ പതിപ്പുകൾ ഞാൻ ഉണ്ടാക്കി, വാർത്തകൾ ശേഖരിച്ചു, അതോടൊപ്പം ക്വിസ് മത്സരങ്ങളിൽ ഞാൻ ഒന്നാമനായി. ആഗ്രഹങ്ങളും ഇഷ്ടങ്ങളും പലതവണ മാറി വന്നപ്പോഴും അമ്പിളിമാമനോടുള്ള ഇഷ്ടത്തിന് മാറ്റ കുറയാതെ തന്നെ ഇരുന്നു. അതോടൊപ്പം മനസ്സിൽ ഒരു ആഗ്രഹവും മുളപൊട്ടി വന്നു. എന്താണതെന്നോ? ചന്ദ്രനിലേക്ക് ഒരു യാത്ര! ദിനങ്ങൾ കഴിയുംതോറും അദ്ദേഹത്തിന്റെ പേര് എന്നിൽ ആഴ്ന്നിറങ്ങി. ദിവസങ്ങൾ പിന്നെയും കൊഴിഞ്ഞു പോയി.

ഞാൻ നിങ്ങളോട് തുടക്കത്തിൽ പറഞ്ഞ ഒരു സന്തോഷവാർത്ത എന്താണെന്ന് പറയാൻ സമയമായി. ഇന്ന് എന്റെ ആഗ്രഹം സഫലമായി ! ഞാനിപ്പോൾ എവിടെയാണെന്നോ?എന്റെ ഏറെ പ്രിയപ്പെട്ട അമ്പിളിമാമന്റെ മടിയിൽ...

കവികൾ വർണ്ണിക്കുന്ന പോലെ ഇവിടം ഒരു പാൽകിണ്ണം ഒന്നുമല്ല .നിറയെ കുണ്ടുകളും കുഴികളും ഉള്ള സ്ഥലമാണ്. ഭൂമിയിൽ അറിയുന്ന ഭാരത്തിന്റെ ആറിൽ ഒരു ഭാഗം ഭാരമേ ഇവിടെ അറിയാൻ സാധിക്കുകയുള്ളൂ.... നിലത്ത് ചവിട്ടി നടന്ന് സ്ഥലങ്ങൾ കാണാം എന്നത് വ്യാമോഹവും... ഭാരമില്ലാത്ത പഞ്ഞിക്കെട്ട് പോലെ പാറി പാറി അങ്ങനെ പോവാം.... അടുത്തറിഞ്ഞപ്പോഴും അമ്പിളിമാമനോടുള്ള ഇഷ്ടം കൂടിയതല്ലാതെ ഒരു തരി പോലും കുറഞ്ഞിട്ടില്ല.....

നേരിട്ടറിഞ്ഞാലും, ഇവിടെ ഞാൻ അടക്കം എത്രപേർ വന്നു പോയാലും, ശാസ്ത്രം കൂടുതൽ കണ്ടെത്തലുകൾ നടത്തിയാലും ഇന്നും എന്നും അമ്മ പറഞ്ഞുതന്ന കഥകളിലെ അമ്പിളിമാമനെയാണ് ഞാൻ നെഞ്ചോട് ചേർക്കുന്നത്.....

**ഏഷിക് ഷിജിൽ**
9F





# "വളർച്ച നമ്മുടേതു മാത്രമോ"

അനുവിന്ദ് കെ രാജ്
10 D

വർഷം 2150. തന്റെ ലൈഫ് സ്റ്റൈൽ റോബോട്ടായ "Lifo" (Life on )ഇൽ നിന്ന് എവേയ്ക്ക് സൈറൻ കേട്ട് കിടക്കയിൽ കിടന്ന ലൂതർ കണ്ണ് തുറന്നു. കിടക്കയിൽ നിന്ന് എഴുന്നേറ്റപ്പോൾ തന്നെ ലൂതർ റോബോട്ടിന്റെ സ്ക്രീനിൽ ഇന്നത്തെ അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവ് പരിശോധിച്ചു. പതിവുപോലെ തന്നെ അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് കുറവയായിരുന്നു. അവൻ താൻ ഇന്നലെ നിറച്ചു വച്ച ഓക്സിജൻ സിലണ്ടർ മാസ്കുമായി ബന്ധിപ്പിച്ച് അതെടുത്തണിഞ്ഞു. തുടർന്ന് തന്റെ പ്രാഥമിക കർമ്മങ്ങൾ ചെയ്തു കഴിഞ്ഞ ലൂതർ തന്റെ വീട്ടിലെ vending machine ഇൽ പണമിട്ട് ആഹാരവും ഭക്ഷണവും എടുത്ത് കഴിച്ചു.

ജൂലൈ 21 ചാന്ദ്രദിനത്തിനോട് അനുബന്ധിച്ചു കൊണ്ട് ചന്ദ്രനിൽ വച്ചു നടക്കുന്ന ചാന്ദ്രവാർഷികം പരിപാടിയിൽ പങ്കെടുക്കാൻ തയ്യാറെടുക്കുകയാണ് ലൂതർ. തന്റെ ബാഗുകൾ പായ്ക്ക് ചെയ്ത് ഫോണിൽ നേരത്തെ ബുക്ക് ചെയ്തുവച്ച സ്പേയ്സ്ഷിപ്പിന്റെ സമയം ഒന്നുകൂടി നോക്കി ഉറപ്പുവരുത്തി. തിരുവനന്തപുരം തുമ്പ സ്പേയ്സ് സെന്ററിൽ നിന്നാണ് യാത്ര പുറപ്പെടുന്നത്. തുമ്പ സ്പേയ്സ് സെന്ററിലെത്തിയ ലൂതറിനെ വരവേറ്റത് അനേകം സ്പേയ്സ്ഷിപ്പുകളാണ്. തന്റെ ഫോണിലെ സ്പേയ്സ്ഷിപ്പ് നമ്പർ നോക്കി തനിക്ക് പോകേണ്ട സ്പേയിസ്സ്ഷിപ്പ് കണ്ടെത്തി. തന്നെക്കൂടാതെ മറ്റ് 39പേരുണ്ട് തന്റെ സ്പേയിസ്സ്ഷിപ്പിൽ. അവരുടെ യാത്രയെ നയിക്കാൻ "Lunaris" എന്ന റോബോട്ടാണുള്ളത്. സ്പേയിസ്ഷിപ്പിന്റെ പ്രവർത്തനങ്ങൾ മുഴുവൻ നിയന്ത്രിക്കാനും സാഹചര്യങ്ങൾക്കനുസരിച്ച് പെരുമാറാനും അതിനു കഴിയും. യാത്രക്കാർക്ക് നൽകേണ്ട സുരക്ഷാമുന്നറിയുപ്പുകൾ നൽകിയ ശേഷം അവർ ധരിക്കേണ്ട സ്പേയ്സ് സ്യൂട്ടുകൾ നൽകുന്നു. അങ്ങനെ ഇന്ത്യൻ സമയം വൈകിട്ട് കൃത്യം 5:05ന് സ്പേയ്സ്ഷിപ്പ് തുമ്പ വിക്ഷേപണകേന്ദ്രത്തിൽ നിന്ന് പുറപ്പെട്ടു. യാത്രയിൽ ഉടനീളം ചന്ദ്രനിലെ പ്രധാന ഭാഗങ്ങളെക്കുറിച്ചും ചന്ദ്രന്റെ അറിയാ വസ്തുതകളെക്കുറിച്ചും "Lunaris" യാത്രക്കാരോട് സംസാരിച്ചു. ചിലർ ഭൂമിയിലെ തങ്ങളുടെ ഉറ്റവർക്ക് സ്പേയ്സ് ഷിപ്പിലെ ചിത്രങ്ങൾ അയയ്ക്കുകയും അവരോട് വിഡിയോകോൾ വഴി സംസാരിക്കുകയും ചെയ്യുന്നു.

യാത്ര ഏകദേശം അഞ്ചു മണിക്കൂർ പിന്നിട്ടപ്പോൾ തങ്ങളുടെ ലക്ഷ്യസ്ഥാനം എത്തിയിരിക്കുന്നു എന്ന് "Lunaris" സന്ദേശം നൽകി. സ്പേയിസ്ഷിപ്പ് പതിയെ ചന്ദ്രന്റെ ഉപരിതലം സ്പർശിക്കാൻ തുടങ്ങി. സ്പേയ്സ്ഷിപ്പിന്റെ നാലു കാലുകൾ ചന്ദ്രനിൽ ഉറച്ചപ്പോൾ യാത്രക്കാരോട് ഹെൽമെറ്റ് എടുത്തണിയാൻ "Lunaris" നിർദ്ദേശം നൽകി. സ്പേയ്സ്ഷിപ്പിൽ നിന്ന് ചന്ദ്രനിലേക്ക് ഒരു ചെരിഞ്ഞ പാത രൂപപ്പെട്ടു. യാത്രക്കാർ ഒരോരുത്തരരായി ചന്ദ്രനിലേക്ക് നിറഞ്ഞ അതിശയത്തോടെ ഇറങ്ങാൻ തുടങ്ങി കൂടെ ഗൈഡായ "Lunaris" ഉം. യാത്രക്കാരെ എല്ലാവരേയും നിരയായി നിർത്തിച്ച് "Lunaris" ചന്ദ്രനിലെ പ്രധാന വ്യൂ പോയന്റുകൾ കാണിച്ചുകൊടുത്തു. തുടർന്ന് അവരെ സ്വയം സ്വതന്ത്രരായി നടന്നു കാണാൻ അനുവദിച്ചു. കൗമാരക്കാരായ ചിലർ ട്രൈപോഡുകൾ ചന്ദ്രനിൽ ഉറപ്പിച്ച് റീലുകൾ ചെയ്യാൻ തുടങ്ങി, കൂട്ടത്തിൽ പ്രായം ചെന്ന ഒരു വൃദ്ധൻ ഉപരിതലത്തിൽ കൈകൂപ്പി കമഴ്ന്ന്കിടന്ന് എന്തൊക്കയോ പ്രാർഥിച്ചു. കൂട്ടത്തിലെ കുട്ടികളുടെ മുഖത്തെ അതിശയമാണ് ഏറ്റവും ശ്രദ്ധേയം.അവർ ഓടിയും ചാടിയും തിമിർക്കുന്നു. കൂടുതൽ ജനങ്ങളും ഭൂമിയെ നോക്കി കാണാൻ കഴിയുന്നിടത്തുനിന്ന് ഭൂമിയെ നേരെനിന്ന് നിരീക്ഷിക്കുന്നു. നീലച്ഛായം ഇല്ലാതയായ ഒരു ഇരുണ്ട ഗോളം അവരുടെ കണ്ണുകളിൽ പ്രത്യക്ഷമാകുന്നു ...കൂടെ നേരിയ ഭീതിയും....

# ചന്ദ്രനിലേക്ക്.....

താഴെ തീപിടിച്ചിരിക്കുന്നു....

എന്റെ ഭഗവാനെ...
8



7

6

5
......എന്നാലും
ഇത് വേണ്ടേനും......

പോകണ്ടാ പോകണ്ടാ എന്ന് മനസ്സ്
ഒരായിരം തവണ പറഞ്ഞതാ.....
പക്ഷെ കോടിക്കണക്കിന്
ആൾക്കാർക്കിടയിൽ നിന്നും തനിക്ക് കിട്ടിയ
മഹാഭാഗ്യമോർത്തപ്പോൾ ഒഴിവാക്കാനും
പറ്റിയില്ല.....
ഇനി മറിച്ച് ചിന്തയ്ക്ക് സ്ഥാനമില്ല
കേവലം നിമിഷങ്ങൾ മാത്രം ഇനി
ഭൂമിയിൽ....
അടുത്ത നിമിഷം റോക്കറ്റ്
തന്നെയും വഹിച്ച്
ശൂന്യാകാശത്തിലേക്ക്........

അനന്തതയുടെ
ആകാശഗോളം തേടിയുള്ള യാത്ര...

സീറ്റ് ബെൽട്ട്, ഹെൽമെറ്റ് എല്ലാം ഒന്നുകൂടി
ശരിയാക്കി
AI camera വന്നതോടെ ഇത് രണ്ടും
ജീവിതത്തിന്റെ ഭാഗമായതാണ്....

മൊബൈൽ ഫോൺ
റോക്കറ്റ് മോഡിലാക്കി
പോക്കറ്റിലിട്ടു.....
Side സീറ്റ് കിട്ടാഞ്ഞത് കൊണ്ട് ഏത്
വഴിയാ പോകുന്നത് എന്ന് വലിയ Idea
ഒന്നുമില്ല...
പിന്നെ ആലോചിച്ചപ്പോഴാണ് ഏത്
വഴിയായാലെന്താ

എല്ലാം മുകളിലോട്ടല്ലേ......
യാത്രകൾ ഒരു പാട് പോയിട്ടുണ്ടെങ്കിലും

വീട് വിട്ട് മാറി നിൽക്കുക എന്നത് വലിയ
വിഷമം തന്നെ....
പക്ഷെ ഈ യാത്രയ്ക്ക് ഒരു തിരിച്ച്
വരവുണ്ടാവോ....
അത് ആലോചിച്ചതും
വയറ്റിൽ നിന്ന് ആകെ ഒരു
ആളിക്കത്തൽ.....

പണ്ട് പരീഷ ഹാളിൽ കയറിയാൽ
ഉണ്ടാകുന്നതിനെക്കാൾ അസ്വസ്ഥത..

വെറുതെയല്ല ആദ്യം ചന്ദ്രനിലേക്ക് പോയ
ആൾക്ക് നീൽ ആം Strong എന്ന പേര്
വന്നത്.......
പകൽ ധൈര്യവാനും രാത്രി അത് മുഴുവൻ
ചോർന്ന് പോകുന്നവനുമായ ഞാൻ എന്തിനീ
യാത്രക്കൊരുങ്ങി...
ജീവിതത്തിലെ എല്ലാ നല്ല നിമിഷങ്ങളും Insta
Reel പോലെ മനസ്സിൽ മിന്നിമറഞ്ഞു....
എന്റെ രക്ത ഗ്രൂപ്പ് പോലെ മനസ്സിനെയും
B+ve ആക്കി....
2025 ആയിട്ടും Technology ഇത്ര
വളർന്നിട്ടും
ഞാനെന്തിന് ഭയപ്പെടണം

1969 ജൂലൈ 21 പോലെ
എന്റെ ജീവിതത്തിലും ഒരു ദിനം...

2025 ജൂലൈ 21.....
ചന്ദ്രനിൽ കാല് കുത്തുന്ന ആദ്യ മലയാളി...
എനിക്കെന്നോട് തന്നെ അസൂയ തോന്നി..
എല്ലാവരെയും മനസ്സിൽ ഓർത്ത് കൊണ്ട്
കണ്ണ് മുറുക്കെ അടച്ചു.....
Count down zero യിൽ എത്തിയിരിക്കുന്നു...
വലിയൊരു ശബ്ദത്തോടെ റോക്കറ്റ്
കുതിച്ചു......

ബാക്കി കഥ ഞാൻ തിരിച്ചു വന്നിട്ട്
പറയാട്ടോ...
കഥ തുടരും......



മുദൽ മാധവൻ
**അധ്യാപകൻ**

# സ്വപ്നം



അവനിക
7A

ചന്ദ്രനിലേക്ക് ഒരു യാത്ര പോകാൻ എല്ലാവർക്കും ഒരു ചെറിയ ആഗ്രഹമെങ്കിലും ഉണ്ടാകും. അല്ലേ? എനിക്കും ആഗ്രഹമുണ്ട് ചന്ദ്രനിൽ പോകാൻ .ചന്ദ്രനിൽ സാങ്കല്പികമായി ഒരു യാത്ര നല്ല രസം തന്നെ .ചന്ദ്രനിൽ പോയി അവിടെ നിന്ന് ഭൂമിയെ കാണണം എന്നും പറ്റുമെങ്കിൽ ഏതെങ്കിലും ഒരു വഴി തിരഞ്ഞെടുത്തു ഫോട്ടോ എടുക്കണമെന്നുമുണ്ട് .ആദ്യമായി റോക്കറ്റ് യാത്ര വിസ്തരിക്കാൻ കഴിയില്ല അത്രയ്ക്ക് സന്തോഷമാണ്. ചന്ദ്രനിൽ എത്തി സന്തോഷവും ആകാംഷയും തീരുന്നതുവരെ തുള്ളി ചിരിച്ചു നടന്ന് ഓടിയിട്ട് ഒക്കെ കളിക്കണം. എന്ത് രസമായിരിക്കും അത് ! സന്തോഷവും ഒട്ടേറെ ആകാംക്ഷയും ഉണ്ട് .ഇത്രയും വലിയ ഭാഗ്യം ലഭിച്ചതിന് നന്ദി എല്ലാവരോടും...

# ചന്ദ്രോപരിതലത്തിൽ



മുഹമ്മദ്ഫലഹ്
8G

രാത്രിയിൽ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്ക് നോക്കി ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട് ...അതിൽ ഒന്നാണ് ചന്ദ്രൻ .അത്ഭുതകരമായ ഒരുപാട് കാഴ്ചകൾ ഒളിപ്പിച്ചിരിക്കുന്ന ഒരിടം. ഒരു ദിവസം ഞാൻ ഒരു ബഹിരാകാശ പേടകത്തിൽ ചന്ദ്രനിലേക്ക് യാത്ര ചെയ്യുന്ന ഒരു സ്വപ്നം കണ്ടു.

എന്റെ പേടകം അതിവേഗം ബഹിരാകാശത്തിലൂടെ നീങ്ങുമ്പോൾ ഭൂമി ഒരു പന്ത് പോലെ ചെറുതായി കാണപ്പെട്ടു. കുറച്ചുസമയത്തിനുശേഷം ഞാൻ ചന്ദ്രോപരിതലത്തിൽ ഇറങ്ങി. അവിടെ പാറകളും പൊടികളും നിറഞ്ഞ ഒരു ലോകം എന്നെ അത്ഭുതപ്പെടുത്തി. അവിടെ എവിടെയും ജീവന്റെ തുടിപ്പില്ലായിരുന്നു പക്ഷേ ഞാൻ കണ്ട കാഴ്ചകൾ എന്നെ വിസ്മയിപ്പിച്ചു. ചന്ദ്രനിൽ പാറകൾക്ക് പല നിറങ്ങൾ ഉണ്ടായിരുന്നു ചിലത് ചുവപ്പ്... ചിലത് നീല ...മറ്റു ചിലത് മഞ്ഞ നിറത്തിലും കാണപ്പെട്ടു. സൂര്യരശ്മി പതിക്കുമ്പോൾ ഈ പാറക്കൂട്ടങ്ങൾ സ്വർണം പോലെ തിളങ്ങുന്നത് കാണാൻ നല്ല ഭംഗിയായിരുന്നു. ഞാൻ നടക്കുമ്പോൾ, ചന്ദ്രന്റെ ഗുരുത്വാകർഷണം ഭൂമിയെ അപേക്ഷിച്ച് വളരെ കുറവായതിനാൽ എളുപ്പത്തിൽ എടുത്തുചാടാനും ഉയരത്തിൽ പൊങ്ങാനും എനിക്ക് കഴിഞ്ഞു.

ചന്ദ്രനിൽ ഞാൻ കണ്ട മറ്റൊരു അത്ഭുതം അന്തരീക്ഷമില്ലാത്തതിനാൽ ആകാശത്തിന് കറുത്ത നിറമായിരുന്നു .കൂടാതെ നക്ഷത്രങ്ങളെല്ലാം വളരെ വലുതായി കാണപ്പെട്ടു. അവിടെയിരുന്ന് ഞാൻ ഭൂമിയെ നോക്കി. നീലയും പച്ചയും കലർന്ന ഒരു പന്തായി അത് കാണപ്പെട്ടു. എത്ര മനോഹരമായ കാഴ്ച.... തിരികെ ഭൂമിയിലേക്ക് വരുമ്പോൾ ചന്ദ്രയാത്ര നൽകിയ അനുഭവങ്ങൾ എന്നെ ചിന്തിപ്പിച്ചു .പ്രപഞ്ചം എത്ര വലുതാണ് എന്നും അതിലുള്ള ഓരോന്നിനും അതിന്റേതായ സൗന്ദര്യം ഉണ്ടെന്നും ഞാൻ തിരിച്ചറിഞ്ഞു....

ഇതൊരു സാങ്കല്പിത യാത്രയാണെങ്കിലും ചന്ദ്രനെക്കുറിച്ചും ബഹിരാകാശത്തെക്കുറിച്ചുമുള്ള കൗതുകം എന്റെ ഉള്ളിൽ ജ്വാലയായി നിൽക്കുന്നു

## *AN IMAGINARY JOURNEY TO THE MOON*

As I stood on the launch pad... my heart was racing with excitement and a bit of nervousness. The countdown began and before I knew it the rocket soared into the sky.... Leaving atmosphere of the earth our Mission was to explore the moon surface, collect samples from there and conduct some experiments. My three day journey was filled with anticipation .Finally we entered lunar module touched down on the Moon's dusty surface sending up a plume of moon stepping out. I felt weightless yet exhilarated.The stark beauty of the barren landscape stretched before me. We spent two days exploring craters.. Collecting samples and conducting experiments. The Silence was almost surreal broken only by the sound of our transmissions and the gentle hum of our suits' life support systems as we planted our flag, marked'dyanamo',on the lunar surface. I felt a sense of pride and wonder... this was more than a scientific expedition. It was a journey into the unknown a testament to human curiosity and ingenuity .Our mission successfully concluded. we reluctantly boarded the lunar module and began our journey back to earth. As we lifted off and left the moon surface behind. I reflected on our adventure. This trip had broadened my perspective of our planet and the universe.

As we pierced the earth's atmosphere the heat shield glowined with intense friction . I knew this experience would stay with me forever .It wasn't just about the science .It was about the inspiration. It sparked a reminder that the universe is full of mysteries waiting to be unraveld and that Humanity's reach extends far beyond our planet. This journey to the moon was a step into the future, a beacon of hope and discovery. That would inspire future generations to reach for the stars. As I looked out at the curved horizon of our planet, I felt a deep sense of gratitude for this experience and a renewed sense of purpose. I knew that I would carry the lessons of this Journey with me inspiring me to pursue new challenges and pushing the boundaries of human knowledge,the memories of the Moon ,the vastness of space and the beauty of our home planet would remain in my mind a constant reminder of the incredible journey I had undertaken.



Devananda K
8M

# സ്വപ്നസാക്ഷാത്കാരം



അമയ പി പി
6I

എന്റെ ഒരുപാട് നാളുകൾ ആയുള്ള ആഗ്രഹമാണ് ചന്ദ്രനിലേക്കുള്ള യാത്ര. നാളെ നാലുമണിക്കാണ് ഞങ്ങൾ യാത്ര തിരിക്കുന്നത്. ഞാൻ വളരെ സന്തോഷത്തിലും ആവേശത്തിലും ആണ്. വളരെ മുമ്പേ തന്നെ ചന്ദ്രനെക്കുറിച്ചും ചന്ദ്രനിലേക്കുള്ള യാത്രയെക്കുറിച്ചും ഞാൻ മനസ്സിലാക്കിയിരുന്നു .ഭക്ഷണത്തിന്റെ നിയന്ത്രണത്തിലൂടെയും വ്യായാമത്തിലൂ ടെയും ശരീരത്തെ പാകപ്പെടുത്തിയിരുന്നു. യാത്ര തിരിക്കുന്നതിനും മണിക്കൂറുകൾക്കു മുന്നേ ഞാൻ ശ്രീഹരിക്കോട്ടയിൽ എത്തിയിരുന്നു. ചന്ദ്രയാൻ 3 എന്ന ഐ എസ്ആർഒ നിർമ്മിത പേടകത്തിലാണ് നമ്മൾ യാത്ര തിരിക്കുന്നത്. അപ്പോളോ ഒന്നിനുശേഷം ബഹിരാകാശത്തെത്തുന്ന ആദ്യത്തെ ദൗത്യസംഘമായിരുന്നു നമ്മൾ .ബഹിരാകാശ വസ്ത്രം ഒക്കെ ധരിച്ച് നമ്മൾ യാത്രയായി. 384400 കിലോമീറ്റർ ദൂരെയാണ് ഞങ്ങൾക്ക് ചന്ദ്രനിലേക്ക് സഞ്ചരിക്കേണ്ടത്. യാത്ര ചെയ്യുന്ന പേടകത്തിനുള്ളിലെ സൗകര്യങ്ങൾ അത്ഭുതപ്പെടുത്തുന്നതായി രുന്നു. ഭക്ഷണത്തിനായി വിറ്റാമിൻ അടങ്ങിയ വസ്തുക്കളും പ്രാഥമിക ആവശ്യങ്ങൾക്കായി മറ്റു സംവിധാന ങ്ങളും എന്നെ അത്ഭുതപ്പെടുത്തി. അങ്ങനെ ചാന്ദ്രയാൻ ആകാശത്തിലേക്ക് പറന്നുയർന്നു. ദിവസങ്ങൾക്ക് ശേഷം ആ യാത്രക്കൊടുവിൽ ഇനി ചന്ദ്രനിൽ എത്താൻ ഒരു ദിവസം കൂടിയേ ഉള്ളൂ എന്ന് അറിയിപ്പിലൂടെ എനിക്ക് മനസ്സിലായി. അങ്ങനെ നമ്മൾ ചന്ദ്രനിൽ എത്തി. അതിനുശേഷം ചന്ദ്രനിൽ നമ്മുടെ രാജ്യത്തിന്റെ പതാക സ്ഥാപിച്ചു. പിന്നീട് നമ്മൾ ചന്ദ്രനിലൂടെ പറന്നു നടന്നു. ചന്ദ്രനിൽ കുറെ ഗർത്തങ്ങൾ കണ്ടു. ഇതിനെ ബെയ്സിലുകൾ എന്നാണ് പറയുന്നത്. പിന്നീട് ഞാൻ പറന്നു നടന്നപ്പോൾ ഒരു വലിയ ഗർത്തവും ഒരു ചെറിയ ഗർത്തവും കണ്ടു. ചന്ദ്രനിൽ ചില കറുത്ത പാടുകൾ കണ്ടു. ഞാനത് സൂക്ഷിച്ചു നോക്കിയപ്പോൾ അവിടെ മനുഷ്യന്റെ കാൽപ്പാടുകളും കണ്ടു. ഇനിയും കാൽപ്പാടുകൾ എന്തേ മായാത്തതെന്ന് ചിന്തിച്ചപ്പോഴാണ് ചന്ദ്രനിൽ വെള്ളമോ കാറ്റോ ഇല്ലെന്നു മനസ്സിലായത്. അതുകൊണ്ടാണ് മായാത്തത്. ശരിക്കും പറഞ്ഞാൽ ചന്ദ്രനിലെ കാഴ്ചകൾ ഒക്കെ ഞാൻ ആസ്വദിക്കുകയായിരുന്നു. അവിടെനിന്നും ഞാൻ ഭൂമിയെ നോക്കി .ഭൂമിയെ മുഴുവനായും കണ്ടു ഞാൻ അത്ഭുതപ്പെട്ടു. ഭൂമിക്കും ചന്ദ്രനും ഇടയിൽ ഒരുപാട് ദൂരം ഉള്ളതുകൊണ്ട് ഭൂമിയിലെ മനുഷ്യനിർമ്മിത കാഴ്ചകളൊന്നും എനിക്ക് കാണാൻ സാധിച്ചില്ല. അങ്ങനെ വളരെയേറെ അഭിമാനത്തോടെയും സന്തോഷത്തോടെയും ഞാൻ ഭൂമിയിലേക്ക് യാത്ര തിരിച്ചു.....



# അമ്പിളി മാമനെ തേടി.....

അമ്പിളിയമ്മാവാ ...
താമരക്കുമ്പിളിലെന്തുണ്ട്...

ഒന്ന് കണ്ടുപിടിക്കണമല്ലോ... പക്ഷെ
എങ്ങനെ? ഇത്രയും ദൂരെ എത്താൻ
പറ്റുമോ? എങ്ങനെ പോകും?
അപ്പോഴാണ് നമ്മുടെ ഇന്ത്യൻ
ശാസ്ത്രജ്ഞൻമാർ ചാന്ദ്രയാൻ
നിർമ്മിക്കുന്നത്. അതിൽ ആളുകൾക്ക്
കയറാമോ?
എന്തായാലും പത്രത്തിൽ പരസ്യം
കണ്ടു. അപേക്ഷിച്ചു. കുറച്ചു ദിവസം
കഴിഞ്ഞപ്പോൾ അതാ ISRO യിൽ
നിന്ന്
വിളിക്കുന്നു. സന്തോഷം
കൊണ്ട് തുള്ളിച്ചാടി.
മക്കളൊക്കെ
കളിയാക്കുന്നുണ്ട്.
എന്നാലും ചന്ദ്രനിൽ
പോകാൻ
കിട്ടിയ അവസരം കളയാൻ
പാടുണ്ടോ?
അങ്ങനെ ചെറുപ്പം മുതൽ കഥകളിലും
പാട്ടുകളിലും നിറഞ്ഞു നിന്ന
അമ്പിളിമാമനെ കാണാൻ പോകുന്നു.
ഇതിൽപരം ഒരു ഭാഗ്യമുണ്ടോ?
ഒരുക്കങ്ങളെല്ലാം കഴിഞ്ഞു.
എന്നെപ്പോലെ 2 പേർ കൂടി
ഒപ്പമുണ്ടല്ലോ എന്ന ആശ്വാസം.
ചാന്ദ്രയാൻ പുറപ്പെടുന്ന
ഒപ്പമുള്ള പേടകത്തിലാണ് ഞങ്ങൾ.
മേഘങ്ങൾക്കിടയിലൂടെ ഒഴുകിനടക്കുന്ന
ഞങ്ങൾ...
ദൂരെ നമ്മുടെ അമ്പിളിമാമൻ !!!
സുഖമാണീ നിലാവ്
എന്തു സുഖമാണീ കാറ്റ്...
കാറ്റിന്റെ ശക്തി ഒന്നു കൂടിയോ?
ഒരു ബാലൻസ് കിട്ടുന്നില്ലല്ലോ.
ഇനിയെന്തു ചെയ്യും? നമുക്ക് ഒരുമിച്ച്
ഒന്ന് ശ്രമിച്ചാലോ? മറ്റു രണ്ടു
പേരോടൊപ്പം



കൈ കോർത്തു പിടിച്ചു. ഒറ്റ ചാട്ടം!!!
എന്തായാലും താഴെ വീഴുമല്ലോ.
എല്ലൊക്കെ ബാക്കിയുണ്ടായാൽ
മതിയായിരുന്നു. അയ്യോ !എന്തൊരു
വേദന നടുവൊടിഞ്ഞെന്നു തോന്നുന്നു.
ആരോ വിളിക്കുന്നുണ്ടല്ലോ .എങ്ങനെ
എഴുന്നേൽക്കും?
" ടീച്ചറേ... വിമാനം ഇങ്ങനെ
പറത്തിയാൽ മതിയോ?'"
വിമാനമോ ?ചാന്ദ്രയാൻ എവിടെ?
പേടകം എവിടെ?
വീണ്ടും ആരോ വിളിക്കുന്നു. "ടീച്ചറേ
ഒന്നിത് ശരിയാക്കിത്തരുമോ? "
എങ്ങനെ ശരിയാക്കാൻ ...
എഴുന്നേൽക്കാൻ
പറ്റണ്ടേ!
വീണ്ടും ശബ്ദം... " ടീച്ചറേ
ഇവന്റെ വിമാനം
ചെറുതായിപ്പോയി...
കാണാൻ പറ്റുന്നില്ല. "
എന്റെ ചാന്ദ്രയാൻ തന്നെ
കാണുന്നില്ല പിന്നെയാ നിന്റെ
വിമാനം!
അതാരാ വീണ്ടും വിളിക്കുന്നത്?
അഖില ടീച്ചറുടെ ശബ്ദമാണല്ലോ.
നീയെന്താ ഇങ്ങനെയിരിക്കുന്നത്?
ഗ്രൂപ്പിൽ
കൊടുക്കാനുള്ള Message type
ചെയ്തോ? ഓ... അപ്പോ അതാണ്
കാര്യം... ചാന്ദ്രദിനത്തോടനുബന്ധിച്ച്
ലിറ്റിൽ കൈറ്റ്സ് ചന്ദ്രനിലേക്ക് ഒരു
സാങ്കല്പികയാത്ര എന്ന വിഷയത്തിൽ
രചനകൾ ക്ഷണിക്കുന്നു.

നിമ്മി കെ കെ
അധ്യാപിക



# സ്വപ്നയാത്ര



ആരുഷി
7 G

ഉടനെയൊന്നും സാധിക്കില്ല എന്ന് മനസ്സിൽ കരുതിയ വലിയൊരു ആഗ്രഹ മാണ് ഇന്ന് പൂർത്തീകരിക്കാൻ പോകുന്നത് . ഇന്ന് കൃത്യം അഞ്ചുമണിക്കാണ് ഞാനും എന്റെ സംഗമം ചന്ദ്രനിലേക്കുള്ള യാത്രയ്ക്ക് തുടക്കം കുറിക്കുക. ഞാൻ വളരെ ആഹ്ളാദത്തിലും ആവേശത്തിലും ആണെങ്കിലും മനസ്സിൽ ഉണ്ടാകുന്ന പേടി മറച്ചുവയ്ക്കുന്നില്ല. ഏറെ ദിവസങ്ങളുടെ പരിശീലനത്തിലൂടെ ഞാൻ ചന്ദ്രനെക്കുറിച്ചും ചന്ദ്രയാത്രയെ കുറിച്ചും ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കിയത്. ഭക്ഷണ നിയന്ത്രണത്തിലൂടെയും വ്യായാമത്തിലൂടെയും ശരീരത്തെ പാകപ്പെടുത്തിയതിനു ശേഷമാണ് ഞാൻ ഈ യാത്രയ്ക്ക് ഇറങ്ങുന്നത്. യാത്ര തുടങ്ങുന്നതിനു മുമ്പേ ശ്രീഹരിക്കോട്ട യിൽ എത്തിച്ചേർന്നു. ചാന്ദ്രയാൻ 4 എന്ന പേടകത്തിലായിരുന്നു ഞങ്ങൾ യാത്ര ചെയ്യാൻ പോകുന്നത്. ഞങ്ങൾ വിദ്യാർത്ഥി കൾ ഉൾപ്പെടുന്ന സംഘത്തിന്റെ ആദ്യ യാത്രയാണ്. ബഹിരാകാശ വസ്ത്രങ്ങൾ ധരിച്ചപ്പോൾ  അല്പം ബുദ്ധിമുട്ടുകൾ തോന്നിയെങ്കിലും ആകാംക്ഷയിൽ ആയതിനാൽ അത് അത്ര കാര്യമാക്കി എടുത്തില്ല. 384,400 കിലോമീറ്റർ കഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലായി ഇനി ഒരു ദിവസം കൂടി കഴിയണമെന്ന്. ഞാനും എന്റെ സംഘവും ചന്ദ്രനിൽ എത്തി .അവിടെ ഞങ്ങൾ ദേശീയ പതാക സ്ഥാപിച്ചു. അഭിമാനത്തോടെ ഞാൻ നോക്കി നിന്നു. ചന്ദ്രനിൽ നിന്ന് നോക്കുമ്പോൾ നീലയും പച്ചയും പട്ടുടുത്ത് സുന്ദരിയായി ഭൂമിയെ കുളിർമയോടെ കണ്ടു. തിളങ്ങുന്ന നക്ഷത്രങ്ങളെ പോലെയാണ് സൂര്യനെ കണ്ടത്. ഭക്ഷണത്തിനു പകരം വിറ്റാമിൻ ഗുളിക  യാണ് കിട്ടിയത്. ചന്ദ്രനിൽ പറക്കാൻ കഴിയുമായിരുന്നു .ഞാനും എന്റെ ചങ്കും പലവിധ വിസ്മയിപ്പിക്കുന്ന കാഴ്ചകൾക്ക് വിരാമം ഇട്ട് പേടകത്തിൽ കയറി. വളരെ ആത്മാഭിമാനത്തോടെ ഞാനും എന്റെ സംഘവും ഭൂമിയിൽ തിരിച്ചെത്തി

# NARO

Once I stepped into "Naro", the new invention by ISRO and NASA together, it was a program to get kids to space. I was the first to step in. Then came Ava and an experienced lady who instructed us what to do.

Then the countdown started — three, two, one — we flew high. Within a minute, after gravity was totally gone, it became even more fun. We flew around, took selfies, and blasted juice just to catch those tiny little juice balls. It was more fun than I can explain.

Finally, we landed on the moon, put on our space suits, and went out. We dug on the moon; even that mud was flying. We jumped.

I heard a loud noise, jumped again, again heard a loud noise... finally, I realized — it was Mom waking me up!



RIYONA R LATHEESH
7F

## *STARTING OF MY JOURNEY*

An Imaginary Trip to the Moon



NUHA MAJADA
8A

The day I had been waiting for finally arrived! I got an opportunity from NASA to go to the moon. I could practically feel my heart racing as we took off. I was immersed in the beauty of space.

So many vibrant and colourful galaxies and stars. There were millions and billions of comets everywhere I looked. I was astonished at the things floating here and there. It was colourful and radiant, as if painted by an artist.

After quite some time, we reached the moon. I put on my suit and stepped out. The cool breeze washed over me. I started walking and jumping around on the grey ground. I decided to take a rock from the moon as a souvenir. After some time, we returned. This was the best day of my life. Then I remembered my friends. I decided to take a few rocks for them as well, but then I came face to face with a serious problem. I wondered if the weight would be an issue.
At last, I negotiated with my fellow passengers and decided to take the rocks home. I was happy and enlightened on the trip back home. This was the best day of my life


## ചന്ദ്രനിലേക്ക് ഒരു യാത്ര

ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ് ചന്ദ്രനിലേക്ക് യാത്ര ചെയ്യുക എന്നത്. എന്റെ ഒരു ആഗ്രഹത്തിൽ പെട്ടതാണ് ചന്ദ്രനിലേക്ക് ഒരു യാത്ര എന്നുള്ളത്. " തുമ്പ "റോക്കറ്റ് വിക്ഷേപണം കേന്ദ്രത്തിൽ നിന്ന് നിറവേറ്റുന്നു.ഭൂമിയിൽ നിന്നും ഏകദേശം 384400കിലോമീറ്റർ അകലം ഉണ്ടാകും ചന്ദ്രനിലേക്ക് .G SLV 15 ൽ ഞാനും എന്റെ കൂട്ടുകാരും ഇരുന്നു. 10മുതൽ 1വരെ പുറകോട്ട് എണ്ണി, 1എന്ന് പറഞ്ഞപ്പോൾ തന്നെ റോക്കറ്റ് ചന്ദ്രനെ ലക്ഷ്യമാക്കി പറന്നു. ആദ്യം വേഗത യില്ലായിരുന്നു ഉയരുവോളം വേഗത കൂടി വന്നു. ഉയരുമ്പോൾ വേഗത മാത്രമല്ല റോക്കറ്റിന്റെ അവശിഷ്ടം ഇളകി പോവുകയും.ചെയ്തു. ചന്ദ്രനിലേക്ക് എത്താറായപ്പോൾ വേഗത മെല്ലെ കുറഞ്ഞുവന്നു.പേടകം ചന്ദ്രനിലേക്ക് ലാൻഡ് ചെയ്തു.പേടകത്തിൽ നിന്ന് ഞാൻ പുറത്തിറങ്ങി. ചിത്രത്തിൽ കണ്ടതിനേക്കാൾ മനോഹരമായിരുന്നു ചന്ദ്രൻ.ചന്ദ്രനിൽ നിന്ന് ഭൂമിയെ നേരിട്ട് കാണാൻ കഴിയും. ചിത്രത്തിൽ മാത്രമേ ഭൂമിയെ കണ്ടിട്ടുള്ളൂ, ഇപ്പോൾ നേരിട്ട് കണ്ടു .ഭൂമി അടക്കമുള്ള 8 ഗ്രഹങ്ങളെ സൂര്യന്റെ ചുറ്റും ഭ്രമണം ചെയ്യുന്നത് കാണുവാൻ കഴിയും.പിന്നെ ഞാൻ ചന്ദ്രനിൽ നടക്കാൻ തുടങ്ങി.പക്ഷേ അവിടെ കാൽ കുത്താൻ പറ്റില്ല, അവിടെ വായുവില്ല.ഇവിടെ മുഴുവൻ ഗ്രാവിറ്റി ഇല്ലാത്ത സ്ഥലമാണ്.1.65m/s ആണ് ഗ്രാവിറ്റി. ധാരാളം ഗർത്തങ്ങൾ അവിടെ കാണുവാൻ കഴിയും. കുന്നുകളും പാറകളും ഒക്കെ ചന്ദ്രനിൽ ഉണ്ട്. ഭക്ഷണം ഭൂമിയിൽ കഴിക്കുന്നത് പോലെ കഴിക്കാൻ പറ്റില്ല, ചന്ദ്രനിൽ ഭക്ഷണം പേസ്റ്റ് പോലെയാണ് കഴിക്കുന്നത്. അവിടെ ഞാൻ കുറെ സമയം സഞ്ചരിച്ചു . നീൽ ആംസ്ട്രോങ് അമേരിക്കയുടെ കൊടികുത്തിയത് പോലെ ഇന്ത്യയുടെ കൊടി ഞാനും കൂട്ടുകാരും കുത്തി. ഭൂമിയിലേക്ക് തിരിച്ചു പോകുന്നതിനിടയിൽ ധാരാളം ചിത്രങ്ങൾ ഞങ്ങൾക്കെടുക്കുവാൻ കഴിഞ്ഞു. ഞങ്ങളുടെ റോക്കറ്റ് പെസഫിക് സമുദ്രത്തിനടുത്ത് എത്തി പാരച്യൂട്ട് റോക്കറ്റിന്റെ മുകളിൽ ഉയർന്നു.ഒരു കപ്പൽ ഞങ്ങളെ കാത്തുനിൽക്കുന്നുണ്ടായിരുന്നു.ലാൻഡിങ് വിജയകരമായി ഭൂമിയിൽ തിരിച്ചെത്തി.



അനിഖ് ടി
6H

# ലൂണാർയാത്ര





ദയാൽ സുനിത്
7 G

എനിക്കിന്ന് ഒരുപാട് സന്തോഷമുള്ള ദിവസമാണ് ഇന്ത്യയിൽ നിന്ന് ചന്ദ്രനിലേക്ക് പോകുന്ന വിനോദസഞ്ചാരിയായി എന്നെ തിരഞ്ഞെടുത്തതിന്റെ ഭാഗമായി ഞാനിന്ന് ചന്ദ്രനിലേക്ക് പോവുകയാണ്. ഇതാ ഇപ്പോൾ ശ്രീഹരിക്കോട്ടയിൽ നിന്ന് ഞങ്ങൾ പുറപ്പെട്ടു. പ്രതീക്ഷയോടെ ഞാൻ കൊതിച്ച ഭൂമിയെ ഞാൻ ആദ്യമായി നേരിട്ട് കണ്ടു നീലഗ്രഹം എന്ന് വെറുതെ പറയുന്നതല്ല എന്ന് എനിക്ക് മനസ്സിലായി ഭൂമിയെ ചന്ദ്രൻ അല്ലാതെ മനുഷ്യനും വലം വയ്ക്കാറുണ്ടല്ലോ. അതിൽ ഞാനും പെട്ടു അങ്ങനെ ഭൂമിയെ വലം വെക്കുമ്പോൾ ശുക്രൻ ചൊവ്വ വ്യാഴം ശനി ബുധൻ എന്നീ ഗ്രഹങ്ങൾ കണ്ടു. വ്യാഴം ഉൽക്കകളുടെ കോട്ടയ്ക്ക് പുറത്തെന്ന് ചൊവ്വ ഇപ്പുറവും. ചന്ദ്രനിൽ അന്യഗ്രഹ ജീവികൾ ഇല്ലാതിരുന്നാൽ മതിയായിരുന്നു. സൂര്യന്റെ വലിപ്പം കൂടിയതല്ലാതെ വലിയ വ്യത്യാസമില്ല ഞാൻ ഒരുപാട് പേടകങ്ങൾ അവിടെ കണ്ടു. ഇന്ത്യയുടെ പേടകവും അതിൽ ഉൾപ്പെട്ടിരുന്നു അങ്ങനെ നമ്മൾ ചന്ദ്രന്റെ ഭ്രമണപഥത്തിൽ എത്തി. ചന്ദ്രനെയും വലം വെക്കാൻ തുടങ്ങി. ഒരുപാട് ഗർത്തങ്ങളും പാടുകളും മലനിരകളും അങ്ങനെ നാം ചന്ദ്രനിട്ടുത്തെത്തി. പതിയെ ചന്ദ്രോപരിതലത്തിൽ ഇറങ്ങി. എന്റെ ആഗ്രഹം സഫലമായി. ഞാൻ അങ്ങനെ വേറെയൊരു ആകാശഗോളത്തിൽ കാലുകുത്തി. പിന്നെ തുള്ളിച്ചാടി കളിച്ചു. ശാസ്ത്രജ്ഞൻ എന്തൊക്കെയോ സാമ്പിളുകൾ ശേഖരിച്ചു. ഞാൻ പരമാവധി ആസ്വദിച്ചു... വീണ്ടും.... അമേരിക്കയുടെ ഒക്കെ പതാക കണ്ടു. അങ്ങനെ ആ സമയവും കടന്നുപോയി .പേടകത്തിൽ നിന്ന് ഇന്ത്യൻ പതാകയും എടുത്ത് അവിടെ സ്ഥാപിച്ചു .അങ്ങനെ മനസ്സില്ലാ മനസ്സോടെ നമ്മൾ ഭൂമിയിലേക്ക് മടങ്ങി.....



# സ്വപ്നം

നന്ദിത കെ
8I

ശുഭാംശു ശുക്ളയും സംഘവും ബഹിരാകാശ നിലയത്തിലെ 18 ദിവസത്തെ ദൗത്യത്തിനുശേഷം ഡ്രാഗൺ പേടകത്തിൽ പസഫിക് സമുദ്രത്തിലേക്ക് പതിക്കുന്ന അതിമനോഹരമായ നിമിഷം ടിവിയിൽ ആശ്ചര്യത്തോടെ കാണുകയായിരുന്നു. അന്നേ മുഴുവൻ മനസ്സിൽ അദൃശ്യമായിരുന്നു. അതിനുശേഷം പാഠപുസ്തകങ്ങളിലെ ഗൃഹപാഠവും ചെയ്തു അത്താഴവും കഴിച്ച് ഞാൻ നേരത്തെ ഉറങ്ങാൻ കിടന്നു. ഉറങ്ങാൻ നേരത്തും ബഹിരാകാശ യാത്രയും നാസയുടെ ചാന്ദ്രദൗത്യവും ആയിരുന്നു മനസ്സിൽ. നീൽ ആംസ്ട്രോങ്ങ് എഡ്വിൻ ആൾഡ്രിൻ, എന്നിവർ ചന്ദ്രനിൽ കാലുകുത്തിയ ദൃശ്യങ്ങൾ മനസ്സിൽ മിന്നി മറഞ്ഞു. പതിയെ നിദ്രയിലേക്ക് വഴുതിവീണ എന്നെയും വഹിച്ച ഐഎസ്ആർഒയുടെ റോക്കറ്റ് ചന്ദ്രനിലേക്ക് കുതിച്ചുയർന്നു. നിമിഷ നേരം കൊണ്ട് ഞാൻ ചന്ദ്രനിൽ എത്തി. പേടകത്തിൽ നിന്നും സൂപ്പർ ഹീറോയെ പോലെ ചാടിയിറങ്ങാൻ വിചാരിച്ച ഞാൻ ഗുരുത്വാകർഷണം തീരെയില്ലാത്ത ചന്ദ്രനിൽ നൂല് പൊട്ടിയ പട്ടം കണക്കെ ഒഴുകി നടക്കാൻ തുടങ്ങി. പാറക്കല്ലുകളും കുണ്ടും കുഴിയും നിറഞ്ഞ പ്രതലവും പൊടിപടലം അടങ്ങിയ അന്തരീക്ഷവും എന്നെ വല്ലാതെ അസ്വസ്ഥമാക്കി. സ്പേസ് സ്യൂട്ട് ഉള്ളതുകൊണ്ട് പൊരുത്തപ്പെട്ടു. എനിക്ക് ദാഹിക്കാൻ തുടങ്ങി. വെള്ളം അന്വേഷിച്ച് ഞാൻ നടന്നു ചാടിച്ചാടി നടന്നു ഏറെ ദൂരം പിന്നിട്ടപ്പോൾ അതാ മുന്നിൽ ഒരു തട്ടുകട. അമേരിക്കയുടെ കൊടികെട്ടിയ ചായക്കടയിൽ അതാ നീൽ ആംസ്ട്രോങ്ങും ആൽഡ്രിനും എന്നെ സ്വീകരിക്കാൻ എത്തുന്നു. തട്ടുകടയിലെ ഒരു പ്രത്യേകതരം അറയിൽ ഗുളിക രൂപത്തിൽ ഭക്ഷണ വസ്തുക്കൾ അവർ എനിക്ക് നൽകി. വലിച്ചു കുടിക്കാനായി ഒരു ചെറിയ കവറിന് ഉള്ളിൽ അവർ എനിക്കൊരു പ്രത്യേകതരം ദ്രാവകം നൽകി. അവിടെനിന്നും കുറച്ച് കുശലം പറഞ്ഞശേഷം ചന്ദ്രനിലെ നദി കാണാൻ ഇറങ്ങി. നിറയെ ഗർത്തം മാത്രം. അവിടെ അവിടെ കുറച്ചു കൊണ്ടുപോയ വിത്തുകൾ വിതറി പ്രതീക്ഷയുടെ വിത്ത് ചന്ദ്രോപരിതലത്തിലെ പാറകളും ധാതുക്കളും ശേഖരിച്ചു കുറച്ചു സ്ഥലം വാങ്ങി. ഓർത്തുവയ്ക്കാനാം സ്ട്രോങ്ങിന്റെയും ആൽഡ്രിന്റെയും കൂടെ ഒരു ഫോട്ടോ എടുത്തു. ഒരു കോപ്പി അവിടത്തെ കടയിൽ ഒട്ടിച്ചു. ഇനിയും വരാമെന്ന് പ്രതീക്ഷയിൽ അവരോട് യാത്ര പറഞ്ഞു പേടകത്തിൽ കയറി. അപ്പോഴേക്കും അമ്മയുടെ നീട്ടി വിളി വന്നു നേരം രാവിലെ 6:00 മണി വേഗം എഴുന്നേറ്റ് സ്കൂളിൽ പോകേണ്ട തിടുക്കത്തിൽ......

# ചാന്ദ്രയാത്ര

ഇന്ന് ജൂലൈ 21 ചാന്ദ്രദിനം... ഇതിനോട് അനുബന്ധിച്ചാണ് സാങ്കല്പിക ചന്ദ്രയാത്ര പോവാൻ അവസരം ലഭിച്ചത്. അതാണ് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ പോകുന്നത് എന്റെ കൂടെ വേറെ മൂന്ന് ആസ്ട്രോണറ്റ്സും ഉണ്ട്. ഞങ്ങൾ പുറപ്പെടുന്ന പേടകം ഒരു റോക്കറ്റ് ആണ് . ഈ റോക്കറ്റിന് മൂന്ന് സ്റ്റേജുകൾ ആണ് ഉള്ളത്. ഓരോ സ്റ്റേജിനും വ്യത്യസ്തമായ ജോലികളും ഉണ്ട് ഇതിന്റെ ഏറ്റവും മുകളിലുള്ളത് അപ്പോളോ സ്പേസ് ക്രാഫ്റ്റ് ഇതിനും മൂന്ന് ഭാഗങ്ങൾ ഉണ്ട് അതിന്റെ ഏറ്റവും താഴെ കാണുന്നതാണ് ലൂണാർ മൊഡ്യൂൾ. ഇതാണ് ചന്ദ്രനിൽ ലാൻഡ് ചെയ്യുന്നത്. അതിന്റെ തൊട്ടുമുകളിലായി കാണുന്നത് സർവീസ് മൊഡ്യൂൾ. സർവീസ് മോഡ്യൂൾ ആണ് സഞ്ചാര ത്തെ നിയന്ത്രിക്കുന്നത്. അതിന്റെ മുകളിലായി കാണുന്നത് കമാൻഡ് മോഡ്യൂൾ ആണ് അവിടെയാണ് ഭ്രമിയിൽ നിന്ന് പുറപ്പെട്ട നമ്മൾ ഉള്ളത്. ഇതിന്റെ എല്ലാം മുകളിലായി ലോഞ്ച് എസ്കേപ്പ് സിസ്റ്റവും ഉണ്ട് ലോഞ്ച് ചെയ്യുന്ന സമയത്ത് എന്തെങ്കിലും അപകടം സംഭവിക്കുകയാണെങ്കിൽ ഈ ലോഞ്ച് എസ്കേപ്പ് സിസ്റ്റം മുകളിലുള്ള കമാൻഡ് മോഡ്യൂളും ആയി അവിടെനിന്ന് പറന്നു മാറുന്നതുമാണ്. എന്നുള്ളത് മായുള്ള ആശ്വാസത്തിലുമാണ് യാത്ര പോകുന്നത്. റോക്കറ്റിന് മൂന്ന് സ്റ്റേജുകൾ ഉണ്ടെന്ന് പറഞ്ഞല്ലോ അതിന്റെ ഏറ്റവും താഴെ കാണുന്നത് സ്റ്റേജ് 1 ഭ്രമിയിൽ നിന്നും റോക്കറ്റിനെ മുകളിലേക്ക് ലോഞ്ച് ചെയ്യുന്നത്. ഭ്രമിയുടെ പ്രതലത്തിൽ നിന്നും 68 കിലോമീറ്റർ വരെ ഇതെത്തി ക്കുന്നു. അവിടെ എത്തിക്കഴിയുമ്പോൾ 1 സ്റ്റേജിന്റെ ഡ്യൂട്ടി അവിടെ തീരുന്നു അതിനാൽ അതിൽ നിന്നും വേർപെട്ട് അതിൽനിന്നും വെളിയിൽ പോകുന്നു പിന്നീട് സ്റ്റേജ് 2ന്റെ വരവാണ് 2nd സ്റ്റേജിൽ വച്ചാണ് ഏറ്റവും മുകളിൽ ഉണ്ടായിരുന്ന ലോഞ്ച് എസ്കേപ്പ് സിസ്റ്റം അതിൽ നിന്നും വേർപെട്ടു പോകുന്നത് 2nd സ്റ്റേജ് ഭ്രമിയുടെ പ്രതലത്തിൽ നിന്നും 1666 കിലോമീറ്റർ വരെ ഉയരത്തിലേക്ക് എത്തിക്കുകയാണ് അത്രയും അകലെ എത്തിക്കഴിയുമ്പോൾ 2nd സ്റ്റേജിന്റെ ജോലിയും തീരുകയാണ്. അതുകൊണ്ട് തന്നെ അത് വേർപെട്ടു വെളിയിലേക്ക് പോകുന്നു. പിന്നെ അവശേഷിക്കുന്നത് പേടകത്തിൽ ഭ്രമിക്കു ചുറ്റും അത് വലം വയ്ക്കുന്നു. ഭ്രമിയിൽ നിന്ന് 165 കിലോമീറ്റർ മുകളിലാണ് പേടകത്തിന്റെ ഭ്രമണപഥം. ഭ്രമിക്ക് ചുറ്റുമുള്ള ഭ്രമണപഥത്തിൽ നിന്നും പിന്നീട് ചന്ദ്രന്റെ ഭ്രമണപഥത്തിലേക്കുള്ള യാത്രയാണ്. അതിനെയാണ് ട്രാൻസ് ലൂണാർ ഇൻഡക്ഷൻ എന്ന് പറയുന്നത്. മൂന്നു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഈ യാത്രയിൽ ക്യാബിനിൽ എന്റെ കൂടെയുണ്ടായിരുന്ന അസ്ട്രോണറ്റ്സും തിരക്കിലായിരുന്നു. ഞങ്ങൾ ഇപ്പോൾ ഭാരമില്ലാത്ത അന്തരീക്ഷത്തിലാണ് ഉള്ളത്. അതുകൊണ്ടുതന്നെ നമ്മൾ അവിടെ നിന്ന് ഒഴുകി നടക്കുകയാണ്. അതിനിടയിൽ ഞങ്ങൾക്ക് ഒരുപാട് ജോലിയും ചെയ്ത് തീർക്കാനുണ്ട് നമ്മുടെ പേടകത്തിന്റെ വേഗത കുറയാൻ തുടങ്ങി ഈ സമയത്താണ് നമ്മൾ ഭ്രമിയുടെ ചിത്രം ചിത്രീകരിച്ചത് .ഏകദേശം അപ്പോൾ നാല് ലക്ഷം കിലോമീറ്റർ വരുമായിരുന്നു. അങ്ങനെ ഞങ്ങൾ ചന്ദ്രനിലേക്ക് എത്തിയിരിക്കുന്നു ചന്ദ്രനിലേക്ക് അടുക്കുംതോറും ഞങ്ങൾക്ക് ഹൃദയമിടിപ്പ് വർദ്ധിച്ച് കൊണ്ടിരുന്നു. അങ്ങനെ ഞങ്ങൾ ആ വാതിലുകൾ തുറന്ന് ചന്ദ്രനിലേക്ക് കാലു വെക്കുകയായിരുന്നു . അപ്പോൾ എനിക്ക് ഒരുപാട് സന്തോഷം തോന്നി എന്നാൽ ചന്ദ്രനിൽ അധികനേരം നിൽക്കാൻ സാധിക്കുകയില്ലായിരുന്നു. അവിടെനിന്ന് കുറച്ച് മൺതരികൾ എടുത്ത് ഞാൻ വീണ്ടും പേടകത്തിൽ കയറി അതിനുമുമ്പ് നമ്മുടെ ഇന്ത്യയുടെ ഫ്ലാഗും അവിടെ കമ്പി കൊണ്ട് പിടിച്ചു കെട്ടി. അങ്ങനെ ഞങ്ങൾ പേടകത്തിൽ കയറി തിരികെ യാത്ര തിരിച്ചു.....

ആലിയ മെഹർ പി സി
6 E



# മേഘശലഭങ്ങൾ

പ്രിയപ്പെട്ട സുഹൃത്തിന്റെ
ഏറെ നാളുകൾക്ക് ശേഷം വന്ന ഒരു
message ഇന്നന്റെ പ്രഭാതത്തിന്
പുതുമയേകി , ചാന്ദ്രദിനാശംസകൾ
'പ്രിയപ്പെട്ടവളേ എന്ന സന്ദേശം
എന്നെ അത്ഭുതപ്പെടുത്തിയെങ്കിലും
ഇന്ന് ചാന്ദ്രദിനമാണെന്ന
തിരിച്ചറിവിൽ തിരിച്ചും
ആശംസകളേകിക്കൊണ്ട് പുറത്ത്
നിറഞ്ഞു പെയ്യുന്ന മഴയെ
നോക്കിയിരുന്നു.

കയ്യിലെ ചൂടുചായ ആസ്വദിച്ചു
കൊണ്ടിരിക്കേ എനിക്കെന്നും
അത്ഭുതമായആകാശ
വിസ്മയങ്ങളെക്കുറിച്ച് ഓർത്തു.
മാനത്തെ കാഴ്ചകളെന്നും അത്ഭുതവും
ആനന്ദവുമായിരുന്നു.
കുഞ്ഞായിരുന്നപ്പോൾ മാനത്തുനിന്നും
അമ്പിളിയമ്മാവനെ അമ്മ ഒരു
പാട്ടുതവണ പിടിച്ചു തന്നിട്ടുണ്ട്. പപ്പടം
പൊട്ടിച്ചെടുത്ത് ചോറിൽ കുഴച്ചു
കഴിക്കുമ്പോൾ കുഞ്ഞു മനസ്സിലാഹ്ലാദവും
അമ്മയോട് വീരാരാധനയും
തോന്നിയിട്ടുണ്ട്. പിന്നീടെനിക്കൊപ്പം
ആ കൗതുകം യാഥാർത്ഥ്യത്തിലേക്ക്
വളർന്നു.

രാവിൽ തുറന്നിട്ട ജാലക
വാതിലുകൾക്കപ്പുറത്ത്, മണ്ണിലാകെ
പാൽവെട്ടം തൂകിക്കൊണ്ട് മാനത്തു
നിന്നും പൊഴിക്കുന്ന നിറഞ്ഞ
നിലാപ്പുഞ്ചിരിയോട് പ്രണയം
തോന്നിയിട്ടുണ്ട്. എന്നെങ്കിലും
വെൺമേഘപാളികൾക്കിടയിലൂടെ
നീന്തിത്തുടിച്ച് ചന്ദ്രബിംബത്തിൽ
തൊട്ടുതലോടാൻ മോഹിച്ചിരുന്നു.
എന്റെ സ്വപ്നങ്ങളിലെ
ചിത്രങ്ങളായിരുന്നു അവ.
എനിക്കു ചുറ്റും ഒരായിരം
വർണ്ണച്ചിറകണിഞ്ഞ പൂമ്പാറ്റകൾ
ദൃശ്യമായി ' പെട്ടന്നാണ്
ചുമരുകളില്ലാത്ത എന്റെ പഴയ സ്കൂൾ
ക്ലാസ് മുറിയിലേക്ക് ഇറങ്ങിച്ചെന്നത്.
നീലസാരിയണിഞ്ഞ് കൈനിറയെ
കറുത്തകുപ്പിവളകളണിഞ്ഞ സയൻസ്
ടീച്ചർ ഞങ്ങളോട് കഥ
പറയുന്നു,ചന്ദ്രനിൽ ചവുട്ടിയ
ആദ്യമനുഷ്യരെക്കുറിച്ച് ഞങ്ങൾ
അത്ഭുതത്തോടെ കേട്ടിരുന്നു. ടീച്ചർ കഥ
തുടരുന്നു, ചുമരുകളില്ലാത്ത ഓല മേഞ്ഞ
ഞങ്ങളുടെ ക്ലാസ് മുറിയിൽ നിന്നും
നോക്കിയാൽ മാനത്തുടെ
ഒഴുകിയകലുന്ന വെൺമേഘജാലം
തെളിഞ്ഞു കാണാം.
ചാന്ദ്രദിന ദൗത്യത്തിന്റെ ഭാഗമായി
1969 ൽ അപ്പോളോ 11 ൽ മനുഷ്യൻ
ആദ്യമായി ചന്ദ്രനിൽ കാൽ
ചവുട്ടിയെന്നും, സാരഥികളായ നീലാം
സ്ട്രോങ്ങ്, എഡ്വിൻ ആൽഡ്രിൻ,
മൈക്കൽ കോളിൻസ് എന്നീ
പേരുകൾ ടീച്ചർ ബോർഡിൽ കുറിച്ചിട്ടു.
വെൺമേഘങ്ങൾക്കിടയിലൂടെ
ചന്ദ്രനിൽച്ചെന്ന ആ മനുഷ്യരെ
അത്ഭുവിസ്മയത്തോടെ ഞങ്ങൾ
കേൾക്കുന്നു.
ടീച്ചർ തുടരുന്നു,

ആകാശത്ത് മേഘങ്ങൾ വീണ്ടും
സഞ്ചാരത്തിലാണ്,

പെട്ടന്ന് ക്ലാസ് മുറിയും ടീച്ചറും കുട്ടികളും
അപ്രത്യക്ഷമാവുന്നു.
ഒന്നിച്ചൊരുപാട് ചിത്രശലഭങ്ങൾ
മാനത്തേക്ക് പറന്നുയരുന്നു.

അമ്മയുറക്കമാണോ?
മകന്റെ ചിരി. ചായ തണുത്തിരിക്കുന്നു.
പുറത്ത് മഴ മാഞ്ഞു,
മാനം തെളിഞ്ഞിരിക്കുന്നു......
ചെറുചിരിയോടെ ഞാൻ വീണ്ടും
പകലിന്റെ തിരക്കിലേക്ക് .

ദീപ്തി എം ഡി
**അധ്യാപിക**



# അതിരുകൾക്കപ്പുറം

മനുഷ്യന്റെ ഭാവനകൾക്ക് അതിരുകളില്ല മനുഷ്യരാശിയുടെ ചിന്തകളിൽ എന്നും കൗതുകം ഉണർത്തുന്ന ഒരു ബിംബമാണ് ചന്ദ്രൻ. എന്റെ യാത്ര ആരംഭിക്കുന്നത് അത്യാധുനികമായ ഒരു ബഹിരാകാശ പേടകത്തിലാണ്. ഒരുക്കങ്ങൾ പൂർത്തിയായി ഞാൻ നിയന്ത്രണ മുറിയിൽ ഇരുന്നു ആകാശത്തിൽ തിളങ്ങി നിന്ന് ചന്ദ്രനെ അടുത്തറിയാനുള്ള ആകാംക്ഷ എന്റെ ഉള്ളിൽ അലതല്ലി. ഭൂമിയുടെ ആകർഷണ ത്തിൽ നിന്ന് മോചിതയായി പതിയെ ഉയർന്നു.പേടകത്തിന്റെ ജനലിലൂടെ ഭൂമിയെ ഒരു നോക്ക് കാണുമ്പോൾ. നീല നിറത്തിൽ കാണുന്ന ഈ ഗ്രഹം എത്ര സുന്ദരമാണെന്ന് ഞാൻ ഓർത്തു പോയി. ശൂന്യാകാശത്തിലെ കാഴ്ച എന്റെ കണ്ണുകളെ അതിശയിപ്പിച്ചു. ഇരുണ്ട കറുത്ത ആകാശത്തിൽ എണ്ണമാറ്റ നക്ഷത്രങ്ങൾ മിന്നി തിളങ്ങുന്നു. പേടകത്തിനുള്ളിൽ ഭാരമില്ലായ്മ അനുഭവപ്പെട്ടു തുടങ്ങിയിരുന്നു .ക്ലാസ്സിൽ നിന്ന് സയൻസ് അധ്യാപിക പറഞ്ഞുതന്ന ഗ്രാവിറ്റിയെ കുറിച്ച് ഞാൻ ഒന്ന് ഓർത്തു. മണിക്കൂറുകൾ നീണ്ട യാത്രയ്ക്ക് ശേഷം ചന്ദ്രനെ കൂടുതൽ വ്യക്തമായി കാണാൻ എന്റെ കണ്ണുകൾ കൊതിച്ചു. ചന്ദ്രന്റെ ഉപരിതലത്തിലേക്ക് പതിയെ പേടകം ഇറങ്ങുമ്പോൾ, പേടകത്തിന്റെ വാതിൽ തുറന്ന്, പൊടിനിറഞ്ഞ മണ്ണിലേക്ക് എന്റെ ആദ്യ കാൽവയ്പ്പ് നടത്തി. ഗുരുത്വാകർഷണം ഭൂമിയെക്കാൾ കുറഞ്ഞതിനാൽ ഓരോ ചുവടുംവലിയ ചാട്ടമായി തോന്നി.

ചന്ദ്രനിൽ നിന്ന് ഞാൻ ചുറ്റും നോക്കി, നിശബ്ദമായ പ്രപഞ്ചം,അനന്തമായ ലോകം.. ശാസ്ത്രജ്ഞനായ ന്യൂട്ടന്റെ പേരിൽ ഒരു ഗർത്തം ചന്ദ്രനിൽ ഉണ്ടെന്ന് ഞാൻ പഠിച്ചിരുന്നത് കൊണ്ടാവാം ന്യൂട്ട ഗർത്തത്തെയും തേടിയും ഞാനൊന്ന് നടന്നു. കാലത്തെ അഗ്നിപർവ്വതം തങ്ങളുടെ അവശേഷിക്കും. ഉൽക്കകൾ പതിച്ചുണ്ടായ ഗർത്തങ്ങളും എന്നെ അതിശയപ്പെടുത്തി, പറന്നു നടന്ന് എനിക്ക് ഭക്ഷണം കഴിക്കാൻ പറ്റുമോ എന്ന ആശങ്കയുണ്ടായിരുന്നു. എന്നാൽ അതൊക്കെ നിഷ്പ്രയാസം എനിക്ക് മറികടക്കാൻ സാധിച്ചു. ഈ യാത്രയിൽ ഭൂമിയിലെ പോലെ ശബ്ദങ്ങൾ കോലാഹങ്ങൾ ഒന്നുമില്ലാത്തത് എന്നെ ഭയപ്പെടുത്തിയിരുന്നു. എങ്കിലും മുകളിലോട്ട് പോകും തോറും വായുവിലൂടെ ഒഴുകി നടക്കുന്നത് പുതിയൊരു അനുഭവമായി തീർന്നു. ബഹിരാകാശത്തേക്ക് ഈ അടുത്തിടെ യാത്രപോയ ശുഭംശുശുക്ല എത്ര മനോഹരമായിട്ടായിരിക്കണം ഈ യാത്ര ആസ്വദിച്ചിരിക്കുക.. ഈ യാത്ര എന്ത് ജീവിതത്തിലെ അവിസ്മരണീയ യാത്രയായിരിക്കുന്നു. അറിവ് മാത്രമല്ല, പ്രപഞ്ചത്തെ കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് തന്നെ ഈ യാത്ര മാറ്റിമറിച്ചു. ഒരു ദിവസം എന്റെ ഈ സാങ്കല്പിക യാത്ര യാഥാർത്ഥ്യമാണെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു

ധ്യാന പ്രകാശ്
10 C



# സ്വപ്നസാഫല്യം

പണ്ടുമുതലേ എന്റെ മനസ്സിലുള്ള ഒരു അടങ്ങാത്ത ആഗ്രഹമായിരുന്നു ചന്ദ്രനിലേക്ക് യാത്ര ചെയ്യുക എന്നത്. അങ്ങനെയിരിക്കുമ്പോഴാണ് ചന്ദ്രനിലേക്ക് യാത്ര ചെയ്യാൻ നമ്മുടെ വിദ്യാലയത്തിലെ ഒരു കുട്ടിക്ക് അവസരമുണ്ടെന്ന് ഹെഡ്മാസ്റ്റർ അനൗൺസ് ചെയ്യുത്. അന്നത്തെ അസംബ്ലിയിൽ അവസരം ലഭിച്ച കുട്ടിയുടെ പേര് ഹെഡ്മാസ്റ്റർ ഉറക്കെ വിളിച്ചു പറഞ്ഞു ഷെസ ഷാഫി 8I. അതെന്റെ ജീവിതത്തിൽ മറക്കാൻ മറക്കാൻ പറ്റാത്ത ഒരു ദിവസമായി രുന്നു. എന്റെ ദൃഢമായ ആഗ്രഹമാണ് അതിനു കാരണം. സ്കൂൾ ഗ്രൗണ്ടിൽ ഒരു കിടിലൻ റോക്കറ്റ് .അതിന്റെ പേര് ഞാൻ പതിയെ വായിച്ചു moon crest1. എനിക്ക് അഭിമാനവും സന്തോഷവും ഉണ്ടായി കൂടാതെ കുട്ടികളൊക്കെ എന്നെ തന്നെ നോക്കിനിൽക്കുന്നു. നീണ്ട പരിശീലനത്തിന് ശേഷമാണ് ഞാൻ യാത്ര ആരംഭിക്കുന്നത്.ഞാൻ പതിയെ റോക്കറ്റിൽ കയറി അതിനകത്ത് സർവ്വ സൗകര്യങ്ങ ളുമുണ്ട് .മെഷീനുകൾ, സ്ക്രീനുകൾ എല്ലാം. എന്റെ കണ്ണുകൾക്ക് അത് ഒരു അത്ഭുതമായിരുന്നു. പിന്നെ ഞാൻ സ്യൂട്ട് ധരിച്ചു അതു ധരിച്ചപ്പോൾ എന്റെ ശരീരം വിറച്ചു. പിന്നെ സാങ്കേതിക വിദ്യകളുടെ ഒരു കൂമ്പാരം... ശ്വസിക്കാനുള്ള സൗകര്യം റേഡിയോ തരംഗം എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ. റോക്കറ്റ് ഉയരാൻ ഒരുങ്ങിയപ്പോൾ ഉള്ള ആ ധൈര്യം ഞാൻ ഒരിക്കലും മറക്കില്ല. 3...2..1... ബൂം ഭൂമി വിട്ടു ഞാൻ ഉയരാൻ തുടങ്ങി. സ്വപ്നങ്ങളെ പറത്തിക്കൊണ്ട് അത്യാധുനിക സാങ്കേതിക വിദ്യകൾ കൊണ്ടുള്ള ഈ യാത്ര മനസ്സിൽ ശാശ്വതമായി പതിഞ്ഞു .പിന്നെ മേഘങ്ങളിലൂടെ കടന്നു ഞാൻ ചന്ദ്രന്റെ ഭ്രമണപഥം കൈവരിച്ചു. ഞാൻ ചന്ദ്രനെ പതിയെ സമീപിക്കുന്നു അതിന്റെ മൺ നിറമുള്ള പൊടിയും പാറകളും ഒരു ആശ്ചര്യം. ആയി തികച്ചും മറ്റൊരു ലോകം അവസാനം ഞാൻ ചന്ദ്രനിൽ ഇറങ്ങി. ഒരു ചെറിയ ചുവന്ന കാൽപ്പാട് അവിടെ പതിഞ്ഞു. എന്റെ ജീവിതത്തിൽ ഏറ്റവും അഭിമാനകരമായ നേട്ടം. നീലാംസ്ട്രോങ്ങ് കൈവരിച്ച അതേ നേട്ടം. ഇവിടെ ഞാൻഎത്തുമെന്ന എന്റെ സ്വപ്നം ....ഇപ്പോൾ എന്റെ പാദങ്ങൾക്ക് കീഴിൽ ...ഇതുവരെ പതിക്കാത്ത ഇന്ത്യയുടെ പതാക എന്റെ കരങ്ങളാൽ എത്തിച്ചു. അതിനോടൊപ്പം കൂടാളി ഹയർ സെക്കൻഡറി സ്കൂളിന്റെ പേരും ബാഡ്ജും പതിച്ചിരുന്നു. അതൊരു സുവർണ നേട്ടമായിരുന്നു .ഞാൻ കുറച്ചു ദിവസം അവിടെ ചെലവഴിച്ചു. ചന്ദ്രനെക്കുറിച്ച് പഠിച്ചു .ഗ്രാവിറ്റി ഇല്ലാത്തതിന്റെ രസകരമായ അനുഭവങ്ങൾ പങ്കിട്ടു ഭൂമിയിലേക്ക് തൽസമയ സന്ദേശങ്ങൾ അയച്ചു. പിന്നീട് തിരിച്ചു വരാൻ തുടങ്ങുമ്പോൾ ഞാൻ പിന്നിലേക്ക് ഒന്ന് നോക്കി ശൂന്യാകാശത്തെ ഒരേ ഒരു കാര്യം മാത്രം ശൂന്യം, പ്രതീക്ഷ ...ഭാവി തലമുറയിലുള്ള പ്രതീക്ഷ അതുമാത്രം.... മഹത് വ്യക്തി അബ്ദുൽ കലാമിന്റെ മഹത് വചനം മനസ്സിൽ ഓർത്തുകൊണ്ട് ഞാൻ തിരിച്ചു യാത്രയായി

ഷസ ഷാഫി
8I



# TIME TAKEN TO GO TO THE MOON

I have no idea whether its day or night on Earth. From the little window I could see our blue planet; so gigantic and widespread with white clouds scattered all over I wondered how over centuries have people thought of and fought for ruling this enormous blue ball. All the struggles that we faced just to get here. I remember getting so nervous while getting into the spacecraft.

I was on my headphone that played Moonshadow by Cat Stevens when i saw Naomi getting amused by the blobs of water floating when she opened the bottle. It wasn't the first time we were watching it but every time this zero gravity concept has only amused us. What a classic amusement! Every human that has been here might have had the same reaction to this. We were floating too. The childhood dream to float like helium filled balloons was achieved. We were floating, flying like fairies without visible wings.

Naomi Lao was my Chinese American crew member. She was communicating with the research center. I was inspecting the spacesuits and was ofcourse waiting for the command. Finally here comes the signal we are about to land on moon. We've been spending a week circling the moon in its orbit. The moon that has been the poet's favourite metaphor for centuries.

We put on the space suits. And the moment we were waiting for was near. Our Spacecraft was touching the moon. Like the head touching the white pillow. But only the pillow was hard as rock. We were nervous but all ready to set foot on the cratered surface. Naomi was up first. She jumped on to the surface and bounced little. I followed her. We felt like puppets being pulled up and down with an invisible string tied to us. With small. steps, we leaped forward. We looked above only to find ourselves lost in the sight that resembled a bejeweled black velvet cloth. And earth and other planets seemed like sinking in it. Naomi jokingly said, My sister tricked me. This is not cheese. And where is the rabbit"

After collecting moon samples, we got back into our space craft. And slowly we were departing from the moon. Slowly moving towards earth that seemed welcoming us. We were in the capsule that was dropping towards earth, leaving all its parts behind. We could feel the earth dragging us down. We could hear our hearts beating fast. Parachutes spreaded out like wings. At last we hit the Indian ocean. And I rolled down the bed. The moonlight was still hitting me through the curtains, I opened the window and looked at the moon. I wondered, But the rabbit was still there."

-Deva Vandana S
$S_2$ A



# എന്റെ അമ്പിളി മാമൻ

ഞാൻ കൊച്ചുകുട്ടി ആയിരിക്കുമ്പോഴേ ഉള്ള വലിയ ആഗ്രഹമായിരുന്നു അമ്പിളിമാമിനെ തൊടുക എന്നത്. എനിക്കവിടെ പോകാനുള്ള ഒരു അവസരം കിട്ടിയാൽ അവിടെ ചെന്ന് ഭാരമില്ലാത്ത അവസ്ഥയിൽ ഞാൻ ഒഴുകി നടക്കും കുളത്തിൽ മുങ്ങാം കുഴിയിടുന്ന പോലെ ഊളിയിട്ട് സഞ്ചരിക്കും. നീല ഗ്രഹമായ നമ്മുടെ ഭൂമിയെ കൺകുളിരെ കണ്ട് ആസ്വദിക്കും. അവിടെ നിന്ന് കൂട്ടുകാരെ വീഡിയോ കോൾ ചെയ്ത് സംസാരിക്കുകയും അവിടുത്തെ വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്യും. ഭൂമിയിൽ നിന്നു വളരെ ഭാരം തോന്നിയ വസ്തുക്കൾ വളരെ എളുപ്പത്തിൽ ഉയർത്തും. ഇതൊക്കെയാണ് എന്റെ പ്രതീക്ഷകൾ പക്ഷേ അവിടെ ചെന്ന പ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത് വലിയ കുഴികളും പാറക ്കല്ലുകളും ആണ്. എന്റെ സ്വപ്നത്തിലെ അമ്പിളിമാമൻ അങ്ങനെ അല്ലായിരുന്നു.... ഭൂമിയിൽ നിന്ന് കാണാനാവുന്ന മനോഹരമായ നീലാകാശം എനിക്ക് അവിടെ കാണാൻ കഴിഞ്ഞില്ല എങ്ങോട്ട് നോക്കിയാലും ഇരുട്ട് കൂടിയിരിക്കുന്നു അത് എന്നിൽ ഭയം ഉളവാക്കി. അമ്പിളിമാമനോട് ഉണ്ടായ ആ ഇഷ്ടം അവിടെ ചെന്നപ്പോൾ മാറി ഭൂമിയിലുള്ള പല കാര്യങ്ങളും ഇതു പോലെയാണ് അടുത്തറിയുമ്പോഴാണ് പല സത്യങ്ങളും അറിയുന്നത്.......



വൈഭവ് കെസൌരഭ്
6E



# *JOURNEY TO THE MOON*

When I was in Russia, my commander informed me about a journey to space. As an astronaut, I accepted the mission. I went to Hong Kong for preparation. There were four of us: James, Nathalia, Steve, and me. I was in charge of the lab, while Steve and Nathalia were the pilots. James was the sharpest. We took our training in Japan, which included flying in zero gravity, walking on walls, etc. Then, we built our own model shuttle.

The plan was as follows: First, we would go to the International Space Station (ISS), learn the basics, and then proceed to the moon. In the first year, I went home and took a picture with my family. Then, we went back.

The day arrived when we sat in our chairs and heard a sound. The pilot started the engine, and..."
"People were looking at us like heroes. A few hours and a couple of days passed, and we saw the ISS as a dot in the distance. As we drew closer, it grew larger. It was a gigantic structure. We landed safely, and the gate opened. Three people were welcoming us - Doctor Lee, Professor William, and Lady Lisa.
Inside, the ISS was awesome. It would take about an hour to walk through it. The crew divided us into three groups. Only Doctor Lee and I headed to the lab. There were so many impressive systems, including the Air Revitalization System, Water Recovery System, Thermal Control System, Communication Systems, Robotics Systems, and Living Quarters, among many others.
Then, they introduced us to the robotic systems integrated into the ISS. These included a coffee machine, an AI robot, and the Astrobee robots - a trio of free-flying robots named Honey, Bumble, and Queen. After that, I saw a small glass-enclosed area where we gathered to gaze at the Earth from a stunning viewpoint."
"It was amazing. The glowing clouds, silver-shining water, and lush green landscapes looked like a cosy sweater. Time passed quickly.

They briefed us on the basics, such as what to do on the space slip to the moon. They also warned us about the riskiest part: the trajectory change to go to the moon had only a 32% success rate. It could be a perilous plan.

Just then, a message from our commander arrived. It read: 'The plan has changed. After ISS, you'll head to the CSS and then the moon. Have a good journey.' The message had been sent three days ago, as it travelled at the speed of light. We knew our response would take three days to reach them. We replied, 'OK, we're on our way.'
We continued learning new things day by day. The day arrived..."
We sat in the seats, strapped in, and counted down with the slogans: 10, 9, 8, 7, 6, 5, 4, 3, 2, 1, 0. The shuttle moved. After a while, we arrived at the CSS, where we were welcomed by robots, not humans. We gathered the equipment and rested. The next day, we headed to the moon, and three days later, we arrived.
The moon was a massive sight. One part was brightly lit, while another was in darkness. There were no other people, just us. We learned so many things from it. A small part of the moon had buildings where we walked and learned how the equipment was used. The video clips from past astronauts helped us learn quickly.
Me and James landed on the moon with the help of a machine. We gathered a large amount of particles in test tubes. Upon returning, we tested one of the samples with water from a house, and surprisingly, we found bacteria in it. I was thrilled because I had discovered life on the moon. We held a meeting, and I announced, “I've named this bacteria "Philinilobacto silisius" because it lives without air and thrives with nitrogen and oxygen.'
We also discovered the components in the moon's soil, including oxygen, silicon, iron, calcium, aluminium, magnesium, and nitrogen. We took samples and sent them to Earth using a capsule. Five years later, we discovered more than a dozen samples, and we became famous on Earth.

We had a meeting with high-ranking officials and proposed an agriculture test using the PNBS (Philinilobacto silisius) samples for all countries. In a 49 $cm^2$ field, we seeded plants and used drip irrigation. The plants received nitrogen from the soil and added manure. Our test succeeded, and we named it Lunar Agri Test - 2043. We researched further, and the fruits were comparable to those on Earth. However, we faced another challenge: sunlight. When the moon was in the lighted position, the crops got damaged, and in the dark position, they froze.

On May 16, 2043, a meteor flash damaged most of our shuttle. We suited up and repaired it. We also created a new gadget that absorbed sunlight and converted it into a suitable measurement for crops.

We produced a large amount of PNBS and sent it to Earth. We tested the PNBS's properties: it burned with fire, reacted with water, and died without nitrogen. This confirmed that PNBS requires nitrogen to survive. We also developed a new type of battery that lasts for seven years, made from the moon's soil components.

We analysed a meteor that fell on the moon and discovered various chemicals. These chemicals had magnetic properties, attracting each other and orbiting the solar system in a line. We also found apurple liquid with a foul smell, which tested positive for iron. I was shocked and researched further, discovering that the iron was different from Earth's iron.
I read a book named "Iron in Ancient India" by Panchanan Niyogi, which provided valuable information. I learned that the Earth was formed by the collision of millions of meteors containing iron, gold, diamonds, and other valuable resources. I discussed this with high-ranking officials, and they decided to keep it a secret.

I handed over the research to Nathalia and conducted another test on animals to see if they could survive in space. We took a cat, suited it up, and sent it outside. The test was a success, showing that animals can adapt to space like humans.

I'm proud to have contributed to my planet, and I hope my research will be a huge success for Earth. I'm happy to share my findings, but I'm sad that I can only bring this much. I hope to return and do more.

The day came for us to head back. We sat in the seats, and the rocket propelled us to the ISS. We rested and slept there, then began our journey back home. We landed in the Atlantic Ocean and were rescued by helicopters.

At the NASA station, we were welcomed as heroes, with everyone clapping for us. We're happy but hope to go again. Looking at the partial moon, it reminded us of our time there. It would be wonderful if we got an offer to go back to the moon – we would definitely accept it."

VEDANTH ANEESH
8B



